


THE ART CHALLENGES THE TECHNOLOGY,
AND THE TECHNOLOGY INSPIRES THE ART

# എഡിറ്റോറിയൽ

വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുകയാണ് സ്ക്കൂൾമാഗസീനിലൂടെ.സർഗ്ഗശേഷിയോടൊപ്പം സാങ്കേതികവിദ്യക്കുടി കൈകോർത്തപ്പോൾ അത് ഡിജിറ്റൽ മാഗസീൻ ആയി. കാലത്തിന്റെ മാറ്റത്തിനൊപ്പം ഞങ്ങളും പിച്ചവെക്കുകയാണ്. കേരളത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസീൻ സ്ക്കൂൾ വിക്കിയിലൂടെ പ്രകാശനം ചെയ്യപ്പെടുന്നു എന്നത് ഞങ്ങൾക്ക് അഭിമാനം നൽകുന്നു.ഞങ്ങളുടെ കുഞ്ഞു ഭാവനകളും വെളിച്ചം കാണുകയാണ്. വളരെ ആവേശത്തോടുകൂടിയാണ് ഞങ്ങൾ ഈ സംരംഭം ഏറ്റെടുക്കുന്നത്. വിവരവിനിമസാങ്കേതിക വിദ്യയുടെ ലോകത്തേക്ക് അനായാസം കടന്നുവരാൻ ലിറ്റിൽ കൈറ്റ്സ് ഞങ്ങൾക്ക് ആത്മവിശ്വാസം നൽകുന്നു.

ഞങ്ങളുടെ കൂട്ടുകാരുടെ സർഗ്ഗശേഷി വളർത്താൻ സഹായകമാകുന്ന ഈ രചനകൾ ഞങ്ങൾ ഡിജിറ്റൽ രൂപത്തിൽ നിങ്ങൾക്കു മുന്നിൽ എത്തിക്കുന്നു. ഞങ്ങളുടെ ഈ എളിയ പ്രവർത്തനത്തിന് ഏവരുടെയും സഹകരണമുണ്ടാകുന്ന പ്രതീക്ഷയോടെ

ലിറ്റിൽ കൈറ്റ്സ്

എഡിറ്റോറിയൽ

*കമ്മറ്റി*

# എഡിറ്റോറിയൽ ടീം



# ഉള്ളടക്കം

## കവിതകൾ


സ്നേഹസ്പർശം സാനി 8D............9

പ്രളയകവിത ഹെന്ന-എൻ 3B ...........11

പൂവ് ജിബിത 8D..................12

സഹനമാണെന്റെ ജീവിതം ജിനിമോൾ പി ജോ 9A........17

മറവി .....................21

മഴയുടെ വരവ് സ്മിത.കെ..................22

ഉണ്ണിയോട് സുധാ കൃഷ്ണദാസ്..................31

ഓർമ്മകൾ അനുരുദ്ധ്-പി 8-C................32

കുയിലമ്മ മുഹമ്മദ് ആദിൽ 6.A......................34

ചെമ്പരത്തിപ്പൂവിന്റെ പ്രാർത്ഥന സുനിത ......................35

നമ്മുടെ കേരള നാട് അമൃത ബി 6A .................37

കട്ടമുട്ട കെട്ട മുട്ട സജിത.എസ് 9A ................40

അമ്പിളിമാമൻ അഭിരാമി.ബി 5-C .................41

പ്രകൃതി അമൃത ബി 8 D .......................45

മഴ അബ്ദുൽ ഹമീദ് 6 B .................46

തത്ത പെൺ കൊടി..........
നീ എങ്ങോട്ട്....? സജിത 9B...............................47

മയിലെ മയിലെ ....................................48

മണവും മധുരവും ശരത് ഡി 10 D.....................49

ഭൂമികോപം ................. 50

തത്തമ്മ പെണ്ണ് സനിൽ എസ് 6 A ................52

എന്റെ കേരളം ഹർഷ.എസ് 6.D ..................53

സ്വപ്നഭൂമി സജിത എസ് 9A .................56


## കഥകൾ


വിജയന്റെ വിജയവീഥി
കുഞ്ഞുലക്ഷ്മി ടീച്ചർ .................13

ഒറ്റപ്പെട്ട മാലാഖ
അലക . പി 8-D ...........26

ശംഖും കല്ലും രാധിക സുരേഷ് .........33

കൂട്ടു വിട്ട...രണ്ടിണപ്രാവുകൾ...
സജിത.എസ് 9 A .................42

സ്നേഹം
സൂര്യനാരായണൻ.എസ്.എസ്
.............................54


## മറ്റുള്ളവ


യാത്രാവിവരണം സീമ എസ് ...........10

ഹാപ്പി പാരൻസ്
ജയലക്ഷമി സി എസ് ........19

ജീവിച്ചിരിക്കുന്ന രക്തസാക്ഷി
സ്വപ്ന ...................23

ലേണിംഗ് ദി ഗെയിം അസ്ന-എം 9C........29

നന്മ മരങ്ങൾ അനീഷ ..................38

ഒരു യാത്രാനുഭവം ജെസിനിയ 8D...........44

നമ്മു ടെ കേരളം .............................51

യാത്രാവിവരണം പവിത്ര.ബി .............57


## ENGLISH SECTION... 60


*MOTHER Diya Sali 6D .......61*

*REVIEW OF THE BOOK -*
*THE ALCHEMIST RITHIK.K 10 D ....62*

*Newton's laws are a nature of life*
*Aswathi K B .........64*

*ME THE RIVER Jessy Dinna Paiva ....66*

*Most Inspiring Gandhi Quotes .............67*


## हिन्दि विभाग .....68


*आई चाँदनी दिमा साली 6D .........69*

*बंदर गया खेत में भाग दिया साली 6D ...........70*

*पेड. दिमा साली 6D ...........71*


## *ചിത്ര ജാലകം......................72*



# ആശംസകൾ

സമകാലികലോകത്ത് എല്ലാ മേഖലകളിലും ഉന്നതിയിലേക്ക് എത്തി നിൽക്കുന്ന വിവരവിനിമയ സാങ്കേതിക വിദ്യയെ കൈപ്പിടിയിലൊതുക്കുന്ന ലിറ്റിൽ കൈറ്റ്സുകളുടെ സാങ്കേതിക ഭാവനയിൽ വിടർന്ന,വൈവിധ്യങ്ങളുടെ സമാഹാരമായ,ഈ ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു.

ദേവിക.കെ.എസ്

എച്ച്.എം

ജി.വി.എച്ച്.എസ്.എസ്

മലമ്പുഴ



# ആശംസകൾ

മലമ്പുഴ ഗവ:വൊക്കേഷണൽ ഹയർസെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് ഒരു മാഗസീൻ പുറത്തിറക്കുന്നതായി അറിയുന്നു.ഈ സംരംഭത്തിന് എല്ലാ വിജയാശംസകളും നേരുന്നു.

മുരളി.ടിഎൻ
പ്രിൻസിപ്പാൾ
ജി.വി.എച്ച്.എസ്.എസ്
മലമ്പുഴ




# ആശംസകൾ

ജി.വി.എച്ച്.എസ്.എസ് മലമ്പുഴ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്ന **'തൂവൽ'**എന്ന മാഗസീന് വേണ്ടി പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അനുമോദനങ്ങളും,ആശംസയും ,പുതുമയാർന്ന പ്രനർത്തനങ്ങൾ  കാഴ്ചവെക്കാൻ ഇനിയും ഉത്സാഹം കാണിക്കുക.

വിദ്യ.വി
പ്രിൻസിപ്പാൾ
വി എച്ച് എസ് ഇ
ജി.വി.എച്ച്.എസ്.എസ്
മലമ്പുഴ

# ആശംസകൾ



കുട്ടികളിൽ വിവര വിനിമയ സാങ്കേതിക വിദ്യയിൽ
താൽപര്യം ഉണ്ടാക്കുന്നതിനും അതിന്റെ പഠനത്തിലും
ലിറ്റിൽ കൈറ്റ്സ് വലിയ പങ്ക് വഹിക്കുന്നുണ്ട്.
നിലവിൽ നേതൃപരമായ രീതിയിൽ വിദ്യാലയത്തിലെ
ഐ ടി പഠനം മുന്നോട്ട് കൊണ്ടു പോകാൻ
മലമ്പുഴയിലെ ലിറ്റിൽ കൈറ്റ്സ് ശ്രമിക്കുന്നുണ്ട്.

ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിന്
എല്ലാ ഭാവുകങ്ങളും നേരുന്നു

[illegible] കെ. ആർ
പി ടി എ പ്രസിഡന്റ് &
ബ്ലോക്ക് കോൺഗ്രസ് കോ-ഓർഡിനേറ്റർ

# സ്നേഹസ്പർശം



ഓരോ അമ്മയും ഓരോ കഥയാണ്
കാലത്തിന്റെ കരുതലായ ഓർമ്മക്കുറിപ്പുകൾ
സ്നേഹത്താൽ പ്രവർത്തനനിരതമായ കൈകൾ
സകലനന്മകളുടെയും ആൾരൂപം
അമ്മ പഠിപ്പിച്ച പാഠങ്ങളെല്ലാം
ജീവിതപന്ഥാവിൽ തണലാണെന്നും
കുട്ടിനായി അമ്മയെ ചാരെ നിർത്തുക
അമ്മതൻ സ്നേഹ സാന്ത്വനങ്ങൾക്കായി
മാറോട് ചേർത്ത് ചൂടു നൽകി
അമ്മിഞ്ഞപ്പാലേകി വളർത്തിയൊരമ്മേ, പ്രളയകവിത
വാഴ്ത്തുന്നു നിന്നെ ഈ ലോകവും ഞാനും

SANI
8.D

# യാത്രാവിവരണം

രാവിലെ നേരത്തെ തന്നെ വീട്ടിൽ നിന്ന് പുറപ്പെട്ടു.


പോകുന്ന വഴിയിൽ 6:00 മണിയായപ്പോൾ ഞങ്ങൾ ചായ കുടിച്ചു.

പിന്നെ ഞങ്ങൾ യാത്ര തുടർന്നു.

അപ്പോൾ വിമാനത്താവളം കണ്ടു. വിമാനങ്ങൾ പറക്കുന്നതും കണ്ടു. 8:30 ആയപ്പോൾ ഒരു ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചു. അതിനു ശേഷം ഞങ്ങൾ എന്റെ അമ്മൂമ്മയുടെ വീട്ടിൽ പോയി. അവിടെ തോട്ടങ്ങളും കൃഷികളും കുളവും കിണറും അങ്ങനെ നിറയെ കാര്യങ്ങളുണ്ട്. കുളത്തിൽ ഞങ്ങളെല്ലാവരും ചേർന്ന് മീൻ പിടിച്ചു. അതിനു ശേഷം തറവാട്ടിൽ സദ്യ ഉണ്ടു.അതിനു ശേഷം വീടിനു വെളിയിലുള്ള മാവിൽ നിന്ന് മാങ്ങ പറിച്ചു. പിന്നെ അതിനെ അച്ചാറിട്ടു. ഹിൽ പാലസ് കാണാൻ പോയി. കുറേ ചരിത്ര സ്മാരകങ്ങൾ കണ്ടു. അവിടെ നിന്ന് ചെറായി ബീച്ചിലേക്ക് പുറപ്പെട്ടു.തിരിച്ചു വരുന്ന വഴി രാത്രിക്കായി ചെമ്മീൻ വാങ്ങി. അതിനു ശേഷം ലുലുമാളിൽ കയറി കുറച്ചു സാധനങ്ങൾ വാങ്ങി. അതിനു ശേഷം വീട്ടിൽ പോയി കണ്ട കാഴ്ചകൾ എത്ര രസകരമായിരുന്നു എന്ന് ഞാൻ ഓർത്തു കൊണ്ടിരുന്നു.

സീമ എസ്

# പ്രളയകവിത



ലോകമെമ്പാടും പ്രളയം.....
ലോകമെമ്പാടും പ്രളയം.....
നീയെന്നോ ഞാനെന്നോ ഭേദമില്ലാ.....
ദരിദ്രനെന്നോ സമ്പന്നനെന്നോ-
വ്യത്യാസമില്ലാ.....
കുടിലെന്നോകൊട്ടാരമെന്നോ-
വ്യത്യാസമില്ലാ....
എല്ലാം നശിച്ചിടും....
എല്ലാം ലയിച്ചിടും....
എത്ര എത്ര മരണങ്ങൾ
എത്ര എത്ര മരണങ്ങൾ
മഴയും പേമാരിയും ഉരുൾപൊട്ടലും
ഭയങ്കരമാകുന്ന പ്രളയം....
മഴയെ മഴയെ നീ ഞങ്ങൾക്ക്
അനുഗ്രഹമാകണെ..
മഴയെ മഴയെ നീ ഞങ്ങൾക്ക്
ദുരിതമാകല്ലെ..
പ്രളയകെടുതിയിൽ ഒന്നാകാം...
നമ്മൾക്കെല്ലാവർക്കും
നമ്മൾക്കെല്ലാവർക്കും
ഒന്നിച്ച് മുന്നേറാം...

ഹെസ്സ എൻ 3 B

# പൂവ്



വസന്തകാല നിറവിൽ പറന്നു ഞാ-
നൊരു പാട്ടു സ്വപ്നങ്ങൾ നെയ്തെടുത്തു
ഓരോരോ കാഴ്ചകൾ കാണുമ്പോവു
മെൻ മനമെന്തോ കൊതിച്ചു നിന്നു
ഒരിറ്റു സ്നേഹം ഞാനാഗ്രഹിച്ചു
ഓരോരോ ശലഭങ്ങൾ അടുക്കുമ്പോഴും
ആകാംക്ഷയോടെ ഞാൻ കാത്തിരുന്നു
എന്നിലുണരുന്ന മോഹങ്ങൾക്ക്
മണമില്ല,മധുവുമില്ല,നിറമില്ല
താനേ വളർന്നൊരു പൂവാണു ഞാൻ
വിടരും മുൻപേ പൊഴിയുന്ന ഇതളുകൾ പോലെ
എൻ സ്വപ്നങ്ങൾ പൊഴിഞ്ഞു പോയി.

Jibitha.B
8.D

# വിജയന്റെ വിജയവീഥി

നാലരവെളുപ്പിന് എണീറ്റ് പതിവുപോലെ സൂര്യനമസ്ക്കാരവും അതേ തുടർന്നുള്ള വ്യായാമമുറകളും ചെയ്യുന്ന തിരക്കിലാണ് വിജയൻ. സ്വന്തംനാട്ടിലേക്ക് സ്ഥലമാറ്റം ലഭിച്ചതിന്റെ സന്തോഷകിരണങ്ങൾ അയാളുടെ മുഖത്ത് സ്ഫുരിക്കുന്നുണ്ടായിരുന്നു. ഏറെ നാളായി മനസ്സിൽ കൊണ്ടുനടന്ന ആഗ്രഹം സഫലമായിരിക്കുന്നു.വൈകാതെ ഈ തിരക്കേറിയ പട്ടണത്തോട് യാത്ര പറഞ്ഞ് തന്റെ ഗ്രാമത്തിലെത്തണം. മുടങ്ങിക്കിടന്ന തന്റെ പഴയശീലുകൾ പൊടിതട്ടി പുത്തനുണർവ് നൽകി തുടരണം.

വെളുപ്പിനുണരുന്നതു തന്നെ അമ്പലത്തിലെ വെങ്കിടേശ സുപ്രഭാതം കേട്ടായിരുന്നു.തൊടിയിലെ കുളത്തിൽ പോയി നീന്തിക്കുളിച്ച് സൂര്യനമസ്ക്കാരം പതിവായി ശീലിച്ചതാണ്. ഈറനോടെ തൊട്ടടുത്ത അമ്പലത്തിൽ ദർശനം കഴിഞ്ഞ് മടങ്ങുമ്പോഴേക്കും അമ്മ അടുക്കളയിൽ കയറി പ്രഭാതഭക്ഷണം തയ്യാറാക്കുന്ന തിരക്ക് കണ്ട് ആസ്വദിച്ച് അമ്മയെ സഹായിക്കാൻ ഒരുങ്ങും. മുഖത്ത് പുഞ്ചിരിയുടെ മധുരം പകർന്ന് അതിനു പ്രതിഫലമായി അമ്മ ചൂടോടെ ദോശകൾ ഒന്നൊന്നായിചുട്ട്, അമ്മിക്കല്ലിൽ അരച്ച മുളക് ചമന്തിയും തേങ്ങാചട്നിയും തന്റെ നേർക്ക് വച്ചു നീട്ടും. ആവോളം ആസ്വദിച്ച് കഴിച്ച് സ്ക്കൂളിലേക്ക് പോകാനൊരുങ്ങുമ്പോഴേക്കും ഉച്ചഭക്ഷണപ്പൊതി റെഡിയാക്കി ബാഗിൽ വച്ച് തരുന്ന അമ്മ. ഏതൊരു പരാതീനതകളും പരിഭവങ്ങളും ഇല്ലാതെ അടുക്കളയിൽ തന്നെ കഴിച്ചു കൂട്ടുന്ന അമ്മ. നന്നായി പഠിക്കണംട്ടൊ എന്നു മാത്രം പറഞ്ഞ് കവിളിൽ ഒരു

മുത്തവും നൽകും

അച്ഛൻ തനിക്കെന്നും ഒരു വഴികാട്ടിയായിരുന്നു. ഓഫീസിലെ തിരക്കുപിടിച്ച ജോലിക്കിടയിലും മക്കളുടെ കാര്യത്തിൽ അതീവ ജാഗ്രത പുലർത്തിയിരുന്ന അച്ഛൻ അച്ഛന്റെ ശീലുകളെല്ലാം തനിക്കേറെ പ്രയപ്പെട്ടവയായിരുന്നു. അമ്മ ലാളനകൾ വാരിക്കോരിതരുമ്പോഴും അച്ഛൻ അതിന് ഇടയ്ക്കു ഭാഗംവരുത്തി ശാസനകൾ കണ്ടെത്തും."ഒടിച്ചു വളർത്തുന്ന മുരിങ്ങയും അടിച്ചു വളർ ത്തുന്ന മക്കളുമാണ് നന്നാവുക"എന്ന പഴഞ്ചൊല്ല് അച്ഛനാണ് ഉണ്ടാക്കിയതെന്നു തോന്നും. സ്നേഹത്തിൽ പൊതിഞ്ഞ ശാസനയായതുകൊണ്ട്  വിദ്വേഷമൊന്നും തോന്നിയിരുന്നില്ല.

അച്ഛന്റെയും അമ്മയുടെയും മൂത്ത സന്തതിയായതുകൊണ്ടോ പഠനത്തിൽ സഹോദരങ്ങളെക്കാൾ ഏറെമിടുക്കനായതുകൊണ്ടോ അച്ഛനുമമ്മയ്ക്കും തന്നോടായിരുന്നു ഏറെപ്രിയം.തന്നെ ചുറ്റിപ്പറ്റിയാണ് അവർ ഏറെ സ്വപ്നങ്ങൾ നെയ്ത് കൂട്ടിയതും.അച്ഛൻ ഇടയ്ക്ക് ഓർമ്മിപ്പിക്കുമായിരുന്നു സമൂഹത്തിൽ എല്ലാവരും ബഹുമാനിക്കുന്ന എന്തിനും എപ്പോഴും വിളിപ്പുറത്തോടിയെത്തുന്ന ജോലിക്കാർ ചുറ്റിലുമുള്ള 'ഡിപ്പാർട്ട്മെന്റ് മേധാവി' യായി തന്റെ മകൻ മാറണം.അതായിരിക്കണം ജീവിതലക്ഷ്യം.അച്ഛന്റെ വാക്കുകൾ ബോധപൂർവ്വംമനസ്സിൽ സൂക്ഷിച്ച് പഠിച്ചു കൊണ്ടിരുന്നു. തന്റെ വിദ്യാലയത്തെക്കുറിച്ച് ഓർക്കാതിരിക്കാൻ വിജയന് ആകുമായിരുന്നില്ല. വീട്ടിൽ നിന്ന് കുറച്ചകലെ കൊച്ചുവിദ്യാലയമായിരുന്നെങ്കിലും നല്ലതും ചീത്തയും വേർതിരിച്ചറിയാൻ പഠിപ്പിച്ചസ്ഥാപനം നാടിനും വീടിനും നല്ലതുവരുത്തുവാൻ നല്ലവാക്കോതിതന്ന് നമുക്കുള്ളതെല്ലാം

നാലാൾക്കുനൽകുവാൻപഠിപ്പിച്ച വിദ്യാലയം നല്ലത് കാണാനും കേൾക്കാനും പറയാനും പാഠപുസ്തകത്തോടൊപ്പം പഠിപ്പിച്ച,ചുരുക്കത്തിൽ നമ്മെ നാമാക്കാൻ പഠിപ്പിച്ച നന്മ നിറഞ്ഞ അധ്യാപകരുള്ള വിദ്യാലയം.അതിൽ താൻ ഇന്നും ഓർക്കുന്ന ചില മുഖങ്ങളാണ് കണക്ക് പഠിപ്പിക്കുന്ന പോറ്റിസാർ. വായിൽ നിറച്ച് വെറ്റിലമുറുക്കി ചൂരലും കണക്കുബുക്കും കക്ഷത്തിലിടുക്കി മുണ്ടിന്റെ ഒരറ്റം പൊക്കിപ്പിടിച്ച് നടന്ന് ക്ലാസ്സിലേക്ക് വരുന്ന കാഴ്ച. അത് വരെ ബഹളമുണ്ടാക്കിയിരുന്ന കുട്ടികൾ എവിടെയോ ഒളിച്ചിരിക്കുന്ന പ്രതീതിയാണ് ക്ലാസ്സിൽ.വിദേശിയുടെ ഭാഷയിൽ pin drop silence. കണക്കിൽ താൻ മിടുക്കനായതുകൊണ്ട് ഞങ്ങൾ തമ്മിൽ നല്ല സൗഹൃദബന്ധം സൂക്ഷിച്ചു പോന്നു.' വിദേശി'യായതുകൊണ്ടാവാം ഇംഗ്ലീഷ് തനിക്ക് വഴങ്ങാൻ ഇംഗ്ലീഷ് ടീച്ചർ ആവോളം പണിയെടുത്തു. ഇടയ്ക്ക് ചൂരൽ കഷായവും വെച്ചു നീട്ടുമായിരുന്നു.ഹിന്ദി ടീച്ചർ ഇംപോസിഷന് എഴുതിച്ചതിന്റെ ഗുണമാണെന്ന് തോന്നുന്നു ഇടയ്ക്കിടയ്ക്ക് 'അഞ്ചർപഞ്ചർചൗടീസീറ്റ്ലഗായി'സാധകം ചെയ്യാറുണ്ട്.ഓർമ്മകളുടെ മഴച്ചാറലേറ്റു നനയാൻഎന്റെ ഗ്രാമം തന്നെയാണ് ഉത്തമം.

ഗ്രാമത്തിലേക്ക് വണ്ടികയറുമ്പോൾ ,ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ, നേട്ടങ്ങളേക്കാൾ തനിക്കുണ്ടായ നഷ്ടങ്ങളും മറുവശത്തുണ്ട്. സ്നേഹനിധിയായ അമ്മ,അച്ഛൻ,മുത്തശ്ശി തന്റെ ഉയർച്ച കാണാൻ കൊതിച്ചവർ താൻ ഉയരങ്ങളിലെത്തും മുൻപേ അകലത്തിൽ കൊഴിഞ്ഞു പോയി.സ്ക്കൂൾ പഠനം പൂർത്തിയാക്കാൻ  ദിവസങ്ങൾ ബാക്കിനിൽക്കേ അമ്മ തന്നെയും സഹോദരങ്ങളെയും അച്ഛനെ ഏൽ

പ്പിച്ച് ഈ ലോകത്തോട് യാത്ര പറഞ്ഞു.എന്തു ചെയ്യണമെന്നറിയാതെ പകച്ച് നിൽക്കേ അധികം വൈകാതെ അച്ഛനും യാത്രയായി.മൂത്ത സന്തതി എന്ന നിലയിൽ ജീവിത യാഥാർത്ഥ്യങ്ങളെ താൻ സ്വയം സ്വായത്തമാക്കാൻ ആവോളം പരിശ്രമിച്ചുകൊണ്ടിരുന്നു.എന്നില് അച്ഛനുണ്ടായിരുന്ന മോഹം പാതിവഴിയിൽ ഉപേക്ഷിക്കാൻ വരെ ഒരുങ്ങിയതാണ് പക്ഷേ ഒരു  നിമിഷം കൊണ്ടല്ലല്ലോ ഒരു വ്യക്തി രൂപപ്പെടുന്നതെന്ന് ആരൊക്കെയോ പറഞ്ഞുതന്നു.

അച്ഛനോടുള്ള ആരാധനയോടെയും ആദരവോടെയും തനിക്കറിയാവുന്ന എല്ലാ നല്ല വഴികളിലൂടെയും യാത്രചെയ്ത് സഹോദരങ്ങളെയെല്ലാം ഓരോ കരയ്ക്കെത്തിച്ച് താൻ ഒറ്റയ്ക്ക് അക്ഷരങ്ങളെ കൂട്ടുപിടിച്ച് യാത്ര തുടർന്നു.വൈകിയാണെങ്കിലും കഴിവുള്ളവനെ ലോകം അംഗീകരിക്കുക തന്നെ ചെയ്യും എന്ന് മനസ്സിലാക്കിയത് തനിക്ക് ഡിപ്പാർട്ട്മെന്റ് മേധാവിയായിട്ടുതന്നെ posting കിട്ടിയ അന്നാണ്.അറിവ് ആയുധം തന്നെയാണ്,'എന്തിനെയും കീഴ്പ്പെടുത്താൻ പറ്റിയ ആയുധം'.അതുകൊണ്ടാവാം തന്നെക്കാൾ സുന്ദരിയും സമ്പന്നയും ഉയർന്ന വിദ്യാഭ്യാസയോഗ്യതയും നേടിയ ഒരു ജീവിത പങ്കാളിയെ ലഭിച്ചതും. താനും ഇന്ന് ഒരു അച്ഛനായിരിക്കുന്നു.

തന്റെ മകളിൽ ഉയർന്ന സ്വപ്നങ്ങൾ കാണുന്ന ഒരച്ഛൻ.ട്രെയിൻ തന്റെ ഗ്രാമത്തിലെ സ്റ്റേഷനായത് അറിയിച്ചുകൊണ്ടുള്ള അനൗൺസ്മെന്റ് ഓർമ്മകൾ ഉറങ്ങുന്ന ജീവിതയാഥാർത്ഥ്യങ്ങെ ഉൾക്കൊള്ളാൻ തയ്യാറായി ഇന്നത്തേക്കാൾ നന്നായി നാളെ ജീവിക്കാൻ തയ്യാറായി വിജയൻ ട്രെയിനിൽ നിന്നും ഇറങ്ങി.

കുഞ്ഞുലക്ഷ്മി ടീച്ചർ

# സഹനമാണെന്റെ ജീവിതം

പറയാതെ കണ്ടു ഞാൻ നിൻ മനം
സഹിക്കയാണു നാം പലവഴിയിലൂടെ.
ഒരു ജന്മമിനിയില്ല,കഴിയില്ല കരയുവാൻ
നിന്നെ കാത്തു 'ഞാൻ'നിന്നിടുന്നിതാ!
നീ തന്നതാണീ ജന്മമെന്നറിയുന്നു ഞാൻ.
എന്നാലുമെന്നു നീ  വരും?
നീ തന്നതീ ഭൂമിയെന്നറിയില്ലെനിക്കു.
എവിടെ പോയ് എവിടെ പോയ് നീ ?
ഭൂമി നിൻ സഹനങ്ങളോരോന്നായ് കാണുന്നു ഞാൻ
അരുതെന്നു പറയുവാൻ കഴിയില്ല ഭൂമിക്ക്
മാതൃ സ്നേഹത്തിൻ കരുതലാൽ
എല്ലാ മറിഞ്ഞിട്ടും എന്നുമെന്നും അമ്മയായ്-
സ്നേഹമായ് മാറിടുന്നു.!
അറിവിന്റെ നാളമായ് പകരുമമ്മേ-
സ്നേഹിതയാണല്ലോ നീ.
എല്ലാം സഹിക്കുന്ന,സ്നേഹിക്കുമമ്മയെ-
തൊഴുതു നാം നമിച്ചിടേണം!
അമ്മയാം ഭൂമി മധുരമായ് ചൊല്ലവേ.....
അറിവിന്റെ നാളമെന്നിൽ ഉണരുന്നു

കനിവിന്റെ നാളമായ് എന്റെ ഭൂമി.

എന്തിനെനിക്കായ് ത്യാഗം ചെയ്തു നീ ?
അമ്മയാം ഭൂമി മധുരമായ് ചൊല്ലുന്നു:
അരുതെന്റെ മക്കളേ എന്നെ പിഴുതെറിയരുതേ.
എന്തിനെൻ ഭൂമി നിൻ-
ത്യാഗമെൻ പ്രാണനിലർപ്പിച്ചു.

ജിനിമോൾ.പി.ജെ
9.A

# ഹാപ്പി പാരൻസ്

നിങ്ങൾ ഹാപ്പി ആണോ? അല്ല. എന്താ കാരണം? കുട്ടികളാണോ? അതോ നിങ്ങൾ തന്നെയോ? രണ്ടും എന്തുകൊണ്ട്? ടെൻഷൻ ആർക്ക്? നിങ്ങൾ കുട്ടികൾക്കോ? കുട്ടികൾ നിങ്ങൾക്കോ? രണ്ടുവശവും നിങ്ങൾ സത്യം പറയുമോ? ആരെയാണ് നിങ്ങൾ (അമ്മമാർ) ശ്രദ്ധിക്കുന്നത്? നിങ്ങളുടെ കുട്ടിയെ അതോ അന്യന്റെ കുട്ടിയെയോ? നിങ്ങൾ ഭർത്താവിനോടാണോ അതോ അന്യ പുരുഷന്മാരോടാണോ സൗമ്യമായി പെരുമാറുക? തിരിച്ച് ഭർത്താവും? ഭൂരിപക്ഷവും ഉത്തരം പറയുക മറ്റുള്ളവരോട് എന്നായിരിക്കും.  എന്തുകൊണ്ടാണത് ? ഒന്ന്- സ്വന്തം,അവരോടല്ലേ എന്നും പറയാൻ കഴിയൂ.... അതുകൊണ്ട്.Jesniya.K        8.D പുരുഷന്മാരും ഇതു തന്നെയല്ലേ പറയുക.

അപ്പോൾ എവിടെയാണ് കുഴപ്പം? സ്വന്തം കുട്ടിയെ സ്വന്തമല്ല എന്നു കരുതാനും കുഞ്ഞിനെ നമുക്ക് വളർത്താനായി ഏല്പിച്ചിരിക്കുകയാണെന്നും, അതിന് പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ലെന്നും,വളരാൻ അനുവദിച്ചാൽ മാത്രം മതി എന്നും വിശ്വസിക്കുക.മറ്റൊരു കാര്യം-നമ്മുടെ ചുറ്റിലിന്ന് 24000 ഏറെ തൊഴിൽ സാധ്യതകളുണ്ട്. അതുകൊണ്ടുതന്നെ മക്കൾ ഡോക്ടറോ എൻജിനിയറോ മാത്രമാവാൻ കൊതിക്കാതെ കുട്ടിയുടെ താല്പര്യവും നോക്കുക.


'നീ നിന്റെ കാര്യം നോക്ക് 'എന്നു പറഞ്ഞു കൊണ്ടിരുന്നാൽ കുട്ടി അങ്ങനെ വളരാനെ നോക്കൂ. പിന്നെ അവൻ എന്നെ നോക്കുന്നില്ലല്ലോ എന്ന ആശങ്കക്കിടയില്ല.

ഇന്ന് കുട്ടികൾ ഇത്രമാത്രം വെറി പിടിക്കുന്നതിന്റെ കാര്യം അന്വേഷിച്ചു ചെന്നാൽ അമ്മ ഗർഭം ധരിച്ചിരുന്ന കാലത്തെത്തും. ടി.വി നോക്കി ഇരിക്കുന്ന അമ്മയുടെ കണ്ണും ചെവിയും ബുദ്ധിയും മിനിറ്റുകൾ ക്കുള്ളിൽ അധികം പ്രവർത്തിക്കേണ്ടി വരുന്നതു കൊണ്ടാണ് കുഞ്ഞ് ഒരു മിനിറ്റ് അടങ്ങിയിരിക്കാത്തതെന്നും ഗർഭം ധരിച്ചിരിക്കുമ്പോഴല്ല അതിന് മുമ്പ് കുഞ്ഞിനെ പറ്റി ചിന്തിക്കുക. നല്ല കാര്യങ്ങൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും കേൾക്കുകയും ചെയ്യണം.

കുഞ്ഞിനോടൊപ്പം മാതാപിതാക്കൾ ഒരു നേരമെങ്കിലും ഒരുമിച്ചിരുന്ന് സന്തോഷത്തോടെ ഭക്ഷണം കഴിക്കണം. ആ സമയം ഫോൺ, ടി.വി. തുടങ്ങിയ ഇലട്രോണിക്  ഉപകരണങ്ങൾ പ്രവർത്തിപ്പിക്കരുത്. ഭക്ഷണം ആസ്വദിച്ച് കഴിക്കണം. ഏതു കാര്യവും വളരെ താല്പര്യത്തോടെ ചെയ്യാൻ കഴിയണം. അപ്പോഴെ കുഞ്ഞുങ്ങളും സന്തോഷത്തോടെ വളരൂ.

ഈ പറഞ്ഞ കാര്യങ്ങൾ ആരെയെങ്കിലും ചിന്തിപ്പിക്കുന്നുവെങ്കിൽ അത്രയും നല്ലത്. നമ്മുടെ പെരുമാറ്റത്തിൽ, വാക്കുകളിൽ, പ്രവർ ത്തികളിൽ, ചിന്തകളിൽ നല്ലൊരു മാറ്റം ഉണ്ടാവാൻ ഇടയാകട്ടെ- ചുരുക്കുന്നു.

ജയലക്ഷമി സി എസ്



# മറവി

മറക്കാൻ  കൊതിക്കുന്തോറും
ചിന്തകൾക്കെന്തു മിഴിവെന്നോ?
ഓരോ വാക്കും ഓരോ നോട്ടവും
ഓരോ ഭാവവുമെന്തിന്
ഓരോ ചലനവും പോലും
വളരെ വ്യക്തം!


എന്നാലിനി വീണ്ടുമോർക്കാം
എന്നു കരുതുമ്പോഴേ
പെട്ടെന്നൊരു ഭാവമാറ്റം
ചുണ്ടുകൾ വിതുമ്പുന്നു, കണ്ണുനിറയുന്നു
മുഖത്തൊരായിരം ഭാവങ്ങൾ വിരിയുന്നു!
ഛെ! എന്തൊരു നാശം!
പാവമെന്റെ മനസ്സിനെ
വെറുതെ വിടില്ലെന്നുണ്ടോ?

# മഴയുടെ വരവ്

കൊടും വേനൽ വിടചൊല്ലി അവൾ വരവായി
ചെറുതുള്ളികളെ ആഴത്തിലിറങ്ങി
പുതുസുഗന്ധംപരത്തി
ഇന്ന് അവൾ വന്നു
വൃക്ഷങ്ങൾ അവളോടൊപ്പം ആടി ഉലയുന്നു
ഇന്നീ ഭൂമി,പേമാരിയുടെ പ്രണയിനിയാവുന്നു.
ഇവളുടെ കുളിർമ മനസ്സുകളിൽ നിറയുന്നു.
എങ്ങെങ്ങും ആഹ്ലാദത്തിൽ പുഞ്ചിരികൾമാത്രം
തോടുകളും കുളങ്ങവും പുഴകളും ഇവളുടെ വരവിനെ
നെഞ്ചോട് ചേർന്നിരിക്കുന്നു.
ഭയപ്പെടുത്തും ഇടിയും മിന്നലും
ഇവളുടെ കൂട്ടരാണെങ്കിലും
സർവ്വരും ഇവളെ പ്രണയിക്കുന്നു.
കുറച്ചു നേരത്തേക്കീ പൃഥ്വിയിൽ
ഇവളുടെ നടനം മാത്രം.....
ആഹ്ലാദത്തിൽ പൂച്ചെണ്ടുകൾ മാത്രം!

സ്മിത.കെ

# ജ്ീവിച്ചിരിക്കുന്ന രക്തസാക്ഷി




## ജ്ീവനോടെ കത്തിയെരിഞ്ഞവൾ-

## വായനാനുഭവം

പുരഷനിയമങ്ങൾക്ക് ഇരയായ ഒരു സ്ത്രീയുടെ (സൗദയുടെ)അവിശ്വസനീയമായ ജീനിതാനുഭനങ്ങളാണ് 'ജ്ീവനോടെ കത്തിയെരിഞ്ഞവൾ'

21-ാം നൂറ്റാണ്ടിലും സ്ത്രീ അനുഭവിക്കുന്ന നരകയാതനകളുടെയും വിവേജനങ്ങളുടെയും അനുഭവ സാക്ഷ്യമാണ് ഈ കൃതി.പാലസ്തീൻ തുടങ്ങിയ രാജ്യങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന കുടുംബാഭിമാന സംരക്ഷണത്തിന്റെ പേരിലുള്ള അരും കൊലയ്ക്ക് ഇരയായിത്തീർന്ന സൗദയുടെ അതിജ്ീവനത്തിന്റെ പേരിലുള്ള യഥാർത്ഥ ജ്ീവിത കഥയാണ് 'ജ്ീവനോടെ കത്തിയെരിഞ്ഞവൾ' ഗദ്ഗദത്തോടെ ഈറനണിഞ്ഞ കണ്ണുകളിലൂടെ വായിച്ച കൃതി.

പാലസ്തീനിലെ വെസ്റ്റ്ബാഗ് പ്രദേശത്തെ ഒരു കുഗ്രാമത്തിലാണ് സൗദ ജനിച്ചത്. പെൺകുട്ടികൾ കാലടികൾ എണ്ണുന്നതുപോലെ,തല കുമ്പിട്ട് ആരെയും നോക്കാതെ ആരുടേയും കണ്ണിൽപ്പെടാതെ നടക്കാൻ മാത്രം വിധിക്കപ്പെട്ട സാമൂഹിക ചുറ്റുപാടിലാണ് അവൾ വളർന്നത് ആണൊരുത്തൻെറ കണ്ണിൽപ്പെട്ടാൽ ചാർമ്മുട്ട

(വിഭിചാരിണി)യായി മുദ്രകുത്തപ്പെടുന്ന സാമൂഹിക നീതി. വീട്ടിലും സമൂഹത്തിലും എല്ലാ അംഗീകാരവും ലഭിച്ചിരുന്നത് ആൺ കുട്ടികൾക്കുമാത്രം സൗദയുടെ സഹോദരനായിരുന്ന ആസാദും വീട്ടിലെ ആരാധനാപാത്രമായി, സർവ്വരാലും അംഗീകരിക്കപ്പെട്ടവനായി വളർന്നപ്പോൾ സൗദയും സഹോദരിമാരും  പെണ്ണായിപ്പിർന്ന ശാപവും പേറി വളർന്നു.

പതിനേഴാം വയസ്സിലാണ് സൗദയുടെ യഥാർഥ ദുരിതകാലം ആരംഭിക്കുന്നത്.

തന്റെ വീടിനടുത്തുള്ള ഫയസ്സുമായി സൗദ പ്രണയത്തിലായതോടു കൂടി. തൻെറ സമൂഹത്തിൽ
വിവാഹത്തിനു മുൻപുള്ള പ്രണയം കൊടും പാപമായിട്ടാണ് ഗണിക്കുന്നതെന്ന് അവൾക്കറിയാമായിരുന്നു. എങ്കിലും വീട്ടിലെ പൈശാചികമായ സാഹചര്യങ്ങളിൽ അവൾക്ക് അതൊരാശ്വാസമായിരുന്നു. വിവാഹ വാഗ്ദാനം നൽകിയ ഫയസ്സ് സൗദ ഗർഭിണിയായതോടെ
നിഷ്കരുണം പിന്മാറി വിവാഹത്തിന്റെ പിറ്റേ ദിവസം വധു കന്യകയായിരുന്നെന്ന് തെളിയിക്കാൻ കന്യകാരക്തം പുരണ്ട വസ്ത്രം വീശികാണിക്കണം എന്ന വ്യവസ്ഥ നിലനിന്നിരുന്ന സമൂഹമായിരുന്നു അത്. സൗദ ഗർഭിണിയായി എന്നറിഞ്ഞതോടെ വ്യഭിചാരകുറ്റം ചുമത്തി അവളെ വധിക്കാൻതന്നെ കുടുംബം തീരുമാനിക്കുന്നു. കുടുംബത്തിന്റെ മാനത്തിനു വേണ്ടി സഹോദരീ ഭർത്താവായ ഹുസൈൻ ശിക്ഷ നടപ്പിലാക്കാനുള്ള ചുമതല ഏറ്റെടുത്തു. വളരെ സമർത്ഥനായി അയാളത് നിർവഹിച്ചു തുണികൾ അലക്കാൻ വെള്ളം

ചൂടാക്കികൊണ്ടിരുന്ന സൗദയുടെ ദേഹത്ത് പെട്രോൾ ഒഴിച്ച് അയാൾ തീ കൊളുത്തി. പ്രാണരക്ഷാർത്ഥം പാഞ്ഞ സൗദയ്ക്ക് പിന്നീട് നടന്നതൊന്നും ഓർമയില്ല. തൊടിയോട്ടു ചേർന്നുള്ള മതിൽ ചാടിക്കടന്നതും തെരുവിൽ നിന്ന സ്ത്രീകൾ അവളെ ഗ്രാമത്തിലെ നീർചാലിലേക്ക് വലിച്ചിഴച്ചതും സഹായത്തിനായി അലറിവിളിക്കുന്നതുമൊക്കെ നേരിയ ഓർമ മാത്രം

ജാക്വലിൻ എന്ന ജീവകാരുണ്യ പ്രവർത്തകയുടെ സ്നേഹമസൃണമായ പരിചരണവും സംരക്ഷണവും എഴുപതുശതമാനവും കത്തിതീർന്ന അവളെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവന്നു യൂറോപ്പിലെവിടെയോ സൗദ ഇപ്പോഴും ജീവിച്ചിരിക്കുന്നു സ്വന്തം വ്യക്തിത്വം വെളിപ്പെടുത്താനാവാതെ....

കെ. എസ്. വിശ്വംഭരദാസ് വിവർത്തനം ചെയ്ത ഈ കൃതി ഡി. സി ബുക്സ് ആണ് പ്രസിദ്ധീകരിച്ചത് 2011 ജനുവരിയിൽ ആദ്യ പതിപ്പ് പ്രസിദ്ധീകരിച്ചു ഈ ക്രതിക്ക് ലോകമെമ്പാട്ടും ധാരാളംവായനക്കാരുണ്ടായിട്ടുണ്ട്

സൗദ എന്നത് യഥാർത്ഥ നാമമല്ല. തൂലികാനാമമാണ് ടെറിഡിഹോംസ് എന്ന ഫ്രഞ്ച് മനുഷ്യാവകാശ സംഘടനയാണ് സൗദയെ രക്ഷിച്ച് യൂറോപ്പിൽ എത്തിച്ചത്

സ്വപ്ന

# ഒറ്റപ്പെട്ട മാലാഖ

ഒരിടത്ത് ഭംഗിയുള്ള പച്ചപ്പുനിറഞ്ഞ ഒരു സ്ഥലമുണ്ടായിരുന്നു. അവിടെ അടുത്തായിട്ട് ഒരു രാജ്യകൊട്ടാരമുണ്ടായിരുന്നു. അപ്പോൾ ഒരു ദിവസം ആ കൊട്ടാരത്തിലെ രാജ്യകുമാരൻ കുതിര സവാരിക്കായി പോകുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരാണ് ആലീസ്. ആ രാജ്യകുമാരൻ ഒരു സ്ഥലത്ത് വിശ്രമിക്കാനായി പോവുകയായിരുന്നു അദ്ദേഹം. ആ സമയത്ത് ഒരു പെൺകുട്ടി മരച്ചുവട്ടിൽ ഇരിക്കുന്നതായി കണ്ടു . അവൾ വളരെ നിരാശപ്പെട്ടായിരുന്നു ഇരിക്കുന്നുണ്ടായിരുന്നത്. അപ്പോൾ ആലീസ് രാജ്യകുമാരൻ അവളുടെ അരികിൽ ചെന്നു . അവളോട് അവളുടെ പേരും നാട്ടും എവിടെയാണെന്ന് ചോദിച്ചറിയാൻ ആലീസ് നോക്കി പക്ഷെ അവൾ ഒന്നും മിണ്ടിയില്ല. പിന്നെയും ചോദിച്ചപ്പോൾ അവൾ അവളുടെ പേര് അവൾക്ക് അറിയില്ല എന്ന് പറഞ്ഞു. പിന്നെ ആലീസ് രാജ്യകുമാരൻ അവളെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് കൊണ്ടുപോയി. അവൾക്ക് താമസിക്കാൻ മുറികൊടുത്തു. അവൾക്ക് വയറുനിറയെ  ഭക്ഷണം നൽകി.  പിന്നെ അവളൊന്നും മിണ്ടാതായപ്പോൾ അവൾക്ക് രാജ്യകുമാരൻ തന്നെ പേരുവെച്ചു 'യെല്ല' അവൾക്ക് അത് ഇഷ്ടമായി. അവൾ അപ്പോൾ പുഞ്ചിരിച്ചു അപ്പോൾ ആലീസിന് അവളോട് പ്രണയം തോന്നി. ആലീസ് യെല്ലയോട് കാര്യം പറഞ്ഞു അപ്പോൾ യെല്ല തലയാട്ടിയതേയുള്ളൂ. പിന്നെ യെല്ലയെ ആലീസ് വിവാഹം ചെയ്തു.


അപ്പോഴും അവൾക്ക് ഒരു പുഞ്ചിരിയുണ്ടായിരുന്നില്ല.അവൾ തലയാട്ടിയതേയുള്ളൂ. ആ നല്ലകാര്യം നടന്നുകിട്ടി എന്ന് ആലീസ്  ഓർത്തു. യെല്ല ആലിസ് ചോദിക്കുന്ന ചോദ്യത്തിന് ഉത്തരമൊന്നും നേരെ പറയുന്നില്ല. തലയാട്ടുകയാണ്. അവളുടെ കണ്ണിൽ ആലീസിനോടുള്ള പ്രണയം അവൻ കാണാറില്ല. അവന്റെ ഉള്ളിൽ യെല്ല മാത്രമേയുള്ളൂ. പക്ഷെ യെല്ല അവൾ ഒരു വ്യത്യസ്ത പെൺകുട്ടിയാണ് എന്ന് ആലീസ് വിചാരിക്കുന്നു. ഒരു ദിവസം രാത്രിസമയം രാജകുമാരൻ ആലീസ് കുതിരയെ കൊണ്ടുപോയി.അവൻ അവന്റെ വിഷമങ്ങൾ എല്ലാം രാത്രി നിലാവിനോടൊപ്പം പങ്കുവെച്ചു. അങ്ങനെ അവൻ എവിടെ നിന്നോ ഒരു ഗാനം കേട്ടു. ആ ഗാനം വളരെ നല്ലതായിരുന്നു. അവൻ ആ ഗാനത്തെ പിൻതുടർന്നു. അങ്ങനെയെത്തിയപ്പോൾ കുറയെ പെൺ കുട്ടികൾ ചേർന്ന് നൃത്തം ചെതു ഗാനം പാടുന്നു. കൂട്ടത്തിൽ യെല്ലയെ പോലെ ഒരാളെ കണ്ട് ആലീസ് പേടിച്ചു. പിന്നെ അവരുടെ അരികിലേക്ക് ആലീസ് ചെന്നു. ആ സമയത്ത് യെല്ല ആലീസിനെ കണ്ട് അംബരന്നു. യെല്ല ആലീസിലോട് എല്ലാം മറച്ചുവെച്ചു എന്ന് അവനോട് അവൾ പറഞ്ഞു. അവൾ ഒരു മാലാഖയാണ് എന്ന്. അവളുടെ സഹോദരികളായ ആമിനയും ,ആൽസറ്റിനയും, മില്ലനും, എല്ലാം അവളോട് ചേർന്ന് നൃത്തം ചെയ്യാൻ വരുമെന്നും. അതു കേട്ടപ്പോൾ രാജകുമാരൻ പൊട്ടികരഞ്ഞു. പിന്നെ ആ കാര്യം ആരോടും അറിയിക്കാതെ യെല്ലയും ആലീസും ഒരുമിച്ചു ജീവിക്കാൻ തീരുമാനിച്ചു. യെല്ലയുടെ കണ്ണിലെ പ്രണയം ആലീസ്

കാണുന്നു. ആലീസിന്റെ കണ്ണിലെ പ്രണയവും യെല്ല കാണുന്നു. അങ്ങനെ അവർ ഒരുമിച്ച്  മിണ്ടിയും ചിരിച്ചും പ്രണയിച്ചും ജീവി-ക്കാൻ തുടങ്ങി.............                                   അലക . പി        8-D          .



# ലേണിംഗ് ദി ഗെയിം

## ( ആസ്വാദന കുറിപ്പ് )




സച്ചിൻ രമേഷ് ടെൻണ്ടുൻക്കറുടെ ജീവിത കഥയാണ്"ലേണിംഗ് ദി ഗെയിം" .സച്ചിൻ ജീവിതത്തിൽ  നേടിയ വിജയത്തിന്റെ കഥയാണ് അത്. സച്ചിൻ പഠിപ്പിൽ കുറച്ച് മോശമാണ് എങ്കിലും അതിൽ സച്ചിൻ സങ്കടപ്പെടാതെ മറ്റൊരു കഴിവ് ഉപയോഗിച്ചു. അത് അദ്ദേഹത്തിന്റെ ക്രിക്കറ്റായിരുന്നു. ആ കഴിവാണ് അദ്ദേഹത്തെ ഇത്രയും വലിയ ക്രിക്കറ്റ് പ്ലെയറാകാൻ കാരണം. 12 വയസ്സുള്ള സമയത്ത് ക്രിക്കറ്റ് സെലക്ഷനുപോയ സച്ചിന് അവിടെയുള്ള ജനക്കൂട്ടം കണ്ട് കളിക്കാൻ വളരെ പേടിയുണ്ടായിരുന്നു . സെലക്ഷൻ കിട്ടാതെവരുമ്പോൾ സച്ചിന്റെ അതേ പ്രായമുള്ള സച്ചിന്റെ കൂട്ടുകാരൻ അജിത് കോച്ചിനോട് പോയി കാര്യം പറഞ്ഞു. അവൻ കളിക്കുന്നത് കോളനിയിൽ വന്ന് നോക്കാനും പറഞ്ഞു. അത് കേട്ട കോച്ച് കളി കണ്ടതിനു ശേഷം സച്ചിനെ തിരഞ്ഞെടുത്ത് ട്രയിനിംഗ് കൊടുക്കുകയും പിന്നെ സച്ചിൻ ടെസ്റ്റ് പോലുള്ള കളികളിൽ കളിക്കുകയും ഉന്നതവിജയം കൈവരിക്കുകയും ചെയ്തു. ക്രിക്കറ്റിൽ തന്നെ ഉന്നതത്തിലേക്ക് പോവുകയും, പല മേഖലകളിൽ കളിക്കുകയും ചെയ്തു. ടെസ്റ്റ്, ടൂർണമെന്റ് എന്നിവയിൽ, ബെസ്റ്റ് ബാറ്റ്സ്മാൻ എന്നതിൽ കേഷ് പ്രൈസും, ട്രോഫികളും

സച്ചിന് ലഭിച്ചു. 12 വയസ്സിൽ തുടങ്ങിയ ക്രിക്കറ്റ് വിടാതെ തുടർന്ന് നാട്ടിലും, വീട്ടിലും അഭിമാനമുണ്ടാക്കിയ സച്ചിൻ റിട്ടേർഡ് ആകുന്നതു വരെയും ക്രിക്കറ്റ് തന്നെ കളിച്ച് മുന്നേറുകയും ചെയ്തു. അദ്ദേഹം ചെറുപ്പം മുതൽ തന്നെ ഈ അവസ്ഥയിൽ എത്താൻ വേണ്ടി പകൽ 7:30 മുതൽ 4:30 വരെയും രാത്രി 7:30 മുതൽ 10:30 വരെയും ട്രെയിനിംഗ് ചെയ്യും. ഇത്രയും പരിശ്രമിച്ചത് കൊണ്ട് സച്ചിൻ ഇന്ത്യയുടെ ക്യാപ്റ്റൻ ആയിട്ടാണ് റിട്ടേർഡ് ചെയ്തത്.അവനവന്റെ കഴിവ് കണ്ടെത്തി പരിശ്രമിക്കുകയാണെങ്കിൽ തീർച്ചയായും വിജയം ലഭിക്കും. ഇതാണ് സച്ചിന്റെ ആത്മകഥ നമ്മളോട് പറയുന്നത്.


അസ്ന-എം
9-C

# ഉണ്ണിയോട്

മനസ്സുകൾ പാറി പറക്കും കാലം
ദുഷ്ചിന്തകൾ കേറിവരും കാലം
വഴിതെറ്റി പോകുവാൻ തോന്നും കാലം
ഓർക്കേണം നന്മയാം മാതാപിതാക്കളെ നാം
കുട്ടികാലം നൽകും പാടങ്ങൾ
നന്മയാം പുണ്യ പാഠങ്ങൾ
ഓർക്കേണം നിങ്ങൾ കുഞ്ഞുങ്ങൾ
വഴിതെറ്റി പോകാതെ കരേറുവാൻ
നറു പുഞ്ചിരി തൂകി നിൽക്കും അമ്മ
കുഞ്ഞു ശാഠ്യങ്ങൾ തീർക്കും അച്ഛൻ
കൊച്ചു പിണക്കങ്ങൾ നൽകും സഹോദരങ്ങൾ
വഴിതെറ്റി പോകുന്ന നേരം നാം
ഓർക്കണം ഇവയൊക്കെ
ഉദിക്കാനൊരു സൂര്യനും
വിടരാനൊരു പുഷ്പവും
പെയ്യാനൊരു കാർമേഘവുമുണ്ടെകിൽ
നല്ല നാളേയ്ക്കായ് കാത്തിരിക്കാം.

-സുധാ കൃഷ്ണദാസ്

# ഓർമ്മകൾ



ഇത്തിരി ദുഃഖവും കണ്ണുനീരും മാത്രം
നൽകുവാനായിരുന്നെങ്കിൽ....
എന്തിനീ യാത്രയിൽ കണ്ടുമുട്ടിനമ്മൾ
എന്തിനിത്രത്തോളം ചേർന്നുപോയി....
എന്നിട്ടുമെൻ ഉള്ളം മുഴുവൻ
നിൻ ഓർമ്മകൾ മാത്രം
സുഖദുഃഖങ്ങൾ പങ്കിട്ടു നാം
ജീവിപ്പൂ എല്ലാ കാലവും
എല്ലാം ഒടുങ്ങിയെൻ പ്രതീക്ഷയായ്
സ്മരണമായ് ഓർമ്മിപ്പാൻ
എന്നിട്ടും എൻ ഓർമ്മകൾ
തുടിക്കുന്നു എന്തിനോവേണ്ടി.

അനുരുദ്ധ്-പി 8-C

# ശംഖും കല്ലും

ശംഖും കല്ലും ഒരിക്കൽ കണ്ടുമുട്ടി
വിശേഷങ്ങൾ പറയുന്നതിനിടയിൽ കല്ല് ചോദിച്ചു
എങ്ങനെ ഈ കടലിന്റെ അടിമത്വത്തിൽ കഴിയുന്നു....? ‘എനിക്ക്
ജലത്തെ തന്നെ വെറുപ്പാണ്. സ്വന്തമായി ഒരു കല്ലിനെ പോലും
ഉരച്ചുരച്ചു ആകൃതി മാറി ഇല്ലാതാക്കി കളയും.’
ശംഖു പറഞ്ഞു'പക്ഷേ എനിക്കെല്ലാം ജലമാണ്.
കടലിന്റെ_അടിമത്വം ഞാൻ ആസ്വദിക്കുന്നു. തിരകൾ എന്നിലേക്ക്
പാഞ്ഞടുക്കുമ്പോൾ ഞാൻഎതിർക്കാറില്ല കടൽ സ്നേഹിച്ചു സ്നേഹിച്ചാണു

എന്നെ അടിമ പ്പെടുത്തിയത്. ദാ ഇപ്പോൾ എന്നെ കാതോരം ചേർത്ത്
നോക്കു'കല്ല് ഒരു നിമിഷം സ്തംഭിച്ചുപോയി....കടലിനെ മാത്രമല്ല....
ഏഴു സമുദ്രങ്ങളും അവയുടെ കരി നീല നിറമുള്ള
രഹസ്യങ്ങളും ഉള്ളിലാക്കിയ ശംഖിനെക്കണ്ട്
ആമ്പരന്നു കണ്ണുനിറഞ്ഞു കല്ലിന്. കല്ല് നിർത്താതെ കരഞ്ഞു . ഒപ്പം
മണലായി മാറിയ പല കല്ലുകളും ചേർന്നു കരഞ്ഞു. അങ്ങിനെ
മണൽത്തരികൾ കരഞ്ഞു കരഞ്ഞ് കടലിന് ഉപ്പുരസമായത്രേ

രാധിക സുരേഷ്

# കുയിലമ്മ



കൂകൂ കൂകൂ കുയിലമ്മേ
കൂകി നടക്കും കുയിലമ്മേ
കൂടുണ്ടാക്കാൻ മടിയാ
കാക്ക കൂട്ടിൽ മുട്ടയിടും
അടയിരിക്കാനും മടിയാ
കാക്കയെ കൊണ്ട് അടയിരുത്തും
എന്തു മടിയാണെങ്കിലും
കുയിലമ്മയുടെ പാട്ടിനെ-
ന്തൊരു മധുരമാ

മുഹമ്മദ് ആദിൽ
6.A

# ചെമ്പരത്തിപ്പൂവിന്റെ പ്രാർത്ഥന



പിറവി കൊണ്ടു ഞാൻ
വേലിപ്പടർപ്പിലെ ചെമ്പരത്തി-
യിലൊരു മൊട്ടായി....
അരുണമാമെൻ നിറം കണ്ടു
കൊതി പൂണ്ടരികത്തണയുമോ
ആസുരജന്മങ്ങളെന്നൾഭയത്താൽ
നിസ്സാരമെങ്കിലുമെൻ 'അമ്മ'
വിദളങ്ങളെന്നെ പൊതിഞ്ഞുവച്ച്
അമ്മതൻ കരുതലറിയാതെ
സ്നേഹമറിയാതെ
നിറമാർന്ന ലോകത്തണയുവാൻ
വെമ്പൽ കൊണ്ടു ഞാൻ
അമ്മതൻ സ്നേഹവലയം
ഭേദിച്ചൊരുനാൾ
അരുണമാമെൻ ദളപുടങ്ങൾ
വിടർത്തി ഞാനാനന്ദിച്ചു
വിരിഞ്ഞു എന്നിലും വർണ്ണങ്ങൾ
മോഹനസ്വപ്നങ്ങൾ

"മറന്നു ഞാനമ്മയെ"

ഇറുത്തെടുത്തൊരു കൈകൾ
മണമില്ല തേനില്ലയെന്നു ചൊല്ലി
വലിച്ചെറിയുവോളം
ഓർത്തില്ല ഞാനമ്മയെഉയർക്കേണമെനിക്കിനിയു-
മൊരു ചെമ്പരത്തിപ്പൂവായ്
തൻ നിണത്താലെനിക്കരുണിമ-
യേകുമൊരമ്മതൻ
കാൽക്കൽ കൊഴിയേണം
അമ്മയ്ക്കു വളമായ് മാറണം

സുനിത

# നമ്മുടെ കേരള നാട്

കളം കളം ഒഴുകുന്ന പുഴകൾ
നമ്മുടെ കേരളനാട്ടിൽ വഹിക്കുന്നു
പച്ചപ്പുനിറഞ്ഞ വയലുകൾ നമ്മുടെ
കേരള നാട്ടിൽ വഹിക്കുന്നു
നിറയെ പ്രകൃതി സ്നേഹികൾ
നമ്മുടെ കേരള നാട്ടിൽ വഹിക്കുന്നു
ആരോഗ്യം നിറഞ്ഞ പച്ചക്കറികൾ
കരി നിറത്തിൽ മലനിരകൾ
നമ്മുടെ കേരള നാട്ടിൽ വഹിക്കുന്നു
പതിനായിരം പട്ടാളവീരന്മാർ
നമ്മുടെ നാട്ടിൽ വഹിക്കുന്നു
നീല നിറത്തിൽ പരന്നു കിടക്കിന്ന
കടലുകൾ നമ്മുടെ നാട്ടിൽ വഹിക്കുന്നു
പറവകൾ പക്ഷികൾ എന്നിവ
നമ്മുടെ കേരള നാട്ടിൽ വഹിക്കുന്നു
പലനിറമുള്ള പൂക്കൾ നമ്മുടെ
കേരള നാട്ടിൽ വഹിക്കുന്നു
വലുതും ചെറുതും പലതുമായ
വനങ്ങൾ നമ്മുടെ നാട്ടിൽ വഹിക്കുന്നു
പലതുമായ കലാരൂപങ്ങൾ
നമ്മുടെ നാട്ടിൽ വഹിക്കുന്നു

Asmitha.A 6.A

# നന്മ മരങ്ങൾ

" കുഞ്ഞുങ്ങളും പൂക്കളും മൃദുലവും നിർമ്മലവും ആണ്. അവയെ മൃദുവായി വേണം കൈകാര്യം ചെയ്യാൻ." -

ജവഹർലാൽ നഹ്റു.

അത്രമേൽ മൃദുവായും നിർമ്മലമായും ആണോ ഇന്നത്തെ സമൂഹം കുഞ്ഞുങ്ങളെ കൈകാര്യം ചെയ്യുന്നത്. മക്കളുടെ വിദ്യാഭ്യാസവും ഉയർച്ചയുമാണ് എല്ലാ രക്ഷിതാക്കളുടേയും ഏറ്റവും വലിയ സ്വപ്നം. അതിനു വേണ്ടി എന്ത് ത്യാഗവും ചെയ്യാൻ തയ്യാറുള്ളവരുമാണ് ഭൂരിഭാഗം പേരും. അതിന്റെ ഫലമാണ് ഇന്ന് കേരളത്തിൽ കൂണുപോലെ മുളച്ചുപൊന്തുന്ന അൺഎയ്ഡഡ് വിദ്യാലയങ്ങൾ. അത്തരമൊരു വിദ്യാലയത്തിൽ കുറച്ചു കാലമെങ്കിലും മക്കൾ പഠിക്കേണ്ടി വന്നു എന്നത് ഏറെ വിഷമത്തോടെ ഓർക്കുന്ന ഒരമ്മയാണ് ഞാൻ. സി. ബി. എസ്.ഈ സിലബസ്സ് നൽകുന്ന പഠനഭാരവുമായി വൈകുന്നേരങ്ങളിൽ തളന്ന് കുമ്പിയിരുന്ന മക്കളെ ഓർക്കുമ്പോൾ ഇന്നും കണ്ണ് നിറയാറുണ്ട്. ഇപ്പോൾ തുള്ളിച്ചാടി ആർത്ത് ചിരിച്ച് വരുന്ന അവളുടെ വൈകുന്നേരങ്ങൾ സമ്പന്നമാക്കുന്നത് പൊതുവിദ്യാഭ്യാസത്തിന്റെ നന്മയാണെന്ന് തിരിച്ചറിയുന്നത് ഏറെ അഭിമാനത്തോടെയാണ്.

വെൺപേപ്പർ പോലെയാണ് കുഞ്ഞുമനസ്സുകൾ.

അവിടെ വീഴുന്ന വർണ്ണങ്ങളും വരകളും അക്കങ്ങളും അക്ഷരങ്ങ-ളും ഒരു ജന്മം മുഴുവനും അവരുടെ കൂടെയുണ്ടാകും. അതുകൊണ്ടാ-ണ് അവരെ മൃദുയി കൈകാര്യം ചെയ്യണമെന്ന് നഹ്റു പറഞ്ഞത്.

എന്നാൽ  പൊതുവിദ്യാദ്യാസത്തിന് പുറത്തുള്ള വിദ്യാലയങ്ങൾ ഇങ്ങനെ തന്നെയാണോ കുഞ്ഞുങ്ങളെ പരിഗണിക്കുന്നത് ?

ജാതിയും മതവും പണവും പദവിയും വാഴ്ത്തുപാട്ടുകളാകുന്ന അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും പൊതുവിദ്യാദ്യാസം വ്യത്യ-സ്തമാകുന്നത് അതിന്റെ മതേതര സ്വഭാവം കൊണ്ടുകൂടിയാണ്.

ഇവിടെയാണ് സോമൻ കടലൂരിന്റെ 'മിടുക്കർ' അന്ന കവിത പ്ര-സക്തമാവുന്നത്.

"മിടുക്കർ" - സോമൻ കടലൂർ"നിന്റെ മകൻ സെന്റ് തോമാ ഇംഗ്ലീഷ് മീഡിയത്തിൽഎന്റെ മകൾ വിവേകാനന്ദാ വിദ്യാഭവനിൽ അവന്റെ മകനും മകളും ഇസ്ലാമിക് പബ്ലിക് സ്ക്രൂളിൽ

ഒരേ ബഞ്ചിലിരുന്ന്ഒരേ പാഠപുസ്തകം വായിച്ച്ഒരേ വിശപ്പ് പങ്കിട്ട്നമ്മൾ പഠിക്കാതെ പഠിച്ചത്ര പഴയ സ്ക്രൂൾ ഇപ്പോഴുമുണ്ട്.പണ്ടത്തെ നമ്മുടെ അച്ഛനമ്മമാരെപ്പോലെ പരമ ദരിദ്രരായ ചിലരുടെ മക്കൾ അവിടെപഠിക്കുന്നുണ്ട്.കുരിശും വാളും ശൂലവുമായി നമ്മുടെ മക്കൾ ഒരിക്കൽ കലിതുള്ളുമ്പോൾനടുക്കെവീണു തടുക്കുവാൻഅവരെങ്കിലും മിടുക്കരാവട്ടെ"-പൊതുവിദ്യാദ്യാസത്തെക്കുറിച്ച് ഇതിൽ കൂടുതൽ എന്തു പറയാനാണ്...........

നന്ദി. അനീഷ

# കട്ടമുട്ട കെട്ട മുട്ട



കിട്ടനൊരു പൊട്ടൻ
ചട്ടുകാലൻ കിട്ടൻ
മുട്ട എട്ടു കട്ടു
മുണ്ടിലിട്ടു കെട്ടി
തോട്ടുവക്കിലുള്ള
പട്ടക്കടേൽ കേറി
കട്ടു വിറ്റ കാശിൽ
പട്ട ക്കുപ്പി വാങ്ങി
വീട്ടിൽ എത്തി കിട്ടൻ
മുണ്ടു കെട്ടഴിച്ചു
ചട്ടി ഒന്നെടുത്തു
ചുട്ടടുപ്പിൽ വച്ചു
മുട്ട ഓരോന്നായി
ചട്ടിയിൽ ഉടച്ചു
മുട്ട കെട്ടു പോയി
മൂക്കു പൊത്തി കിട്ടൻ

സജിത.എസ്

7 A

# അമ്പിളിമാമൻ



അമ്പിളിമാമാ  അമ്പിളിമാമാ
എന്നുടെ കൂടെപോരുന്നോ?
എന്റെ കുടെ പോന്നാലോ
നിന്നെപോലൊരു പപ്പടവും
ചോറും കറിയും തന്നീടാം
വയറു നിറഞ്ഞാൽ എന്നുടെ
കൂടെ കളിയെല്ലാം കളിക്കാലോ
പാലും പഴവും തന്നീടാം
വാവാ.....കളിയാടീടാൻ വാ......

അഭിരാമി.ബി
5-C

# കൂടു വിട്ട...
# രണ്ടിണപ്രാവുകൾ...

ഒരിക്കൽ കുട്ടികളില്ലാതിരുന്ന് മാതാപിതാക്കൾക്കു ഒരു കുഞ്ഞ് പിറക്കാൻപോകുന്നു. ആ സന്തോഷത്തിലായിരുന്നു രണ്ടുപേരും. അവർക്ക് വളരെ വർഷങ്ങൾക്കുശേഷം ആറ്റ് നോറ്റ് ഉണ്ടായ ഒരു പൊന്നോമന. കുറച്ചു മാസങ്ങൾക്കുശേഷം അവർക്കു കുഞ്ഞു പിറന്നു. ഒരാൺകുഞ്ഞ്. അവർ അവനെ തന്റെ ജീവനിൽ പാതിയായി കണ്ടു. തങ്ങൾക്ക് എന്തില്ലെങ്കിലും തന്റെ മകന് എല്ലാം കൊടുക്കാൻ അവർ ആഗ്രഹിച്ചു. എന്നിൽ ഉള്ളതെല്ലാം താൻ ഉടുത്തില്ലേൽ അവൻ ഉടുക്കണം താൻ ഉണ്ടില്ലേൽ അവൻ ഉണ്ണണം. എങ്ങനെ പലതും അവർക്കായി മാറ്റിവച്ചു. എന്തിന് തന്റെ ജീവൻ പോലും അവനായി അർപ്പിച്ചു. അച്ഛനും അമ്മയും അത്ര പിടിച്ചിട്ടില്ല.എന്നാൽ അവനെ ഒരു ഉയർന്ന ഗവൺമെന്റ് ഉദ്യോഗസ്ഥനാക്കാൻ അവർ തീരുമാനിച്ചു. അതിനു വേണ്ടി അച്ഛൻ കടുത്ത പണിക്കുപോവാൻ തുടങ്ങി. രാവും പകലും വെയിലിലും മഴയിലും പണിയെടുത്തു ക്ഷീണിച്ചു പോയി അച്ഛൻ. അവനെ അവർ പഠിപ്പിച്ചു. 10 കഴിഞ്ഞപ്പോൾ ഇനിയും തുടർന്നുള്ള പഠനത്തിനായി കുറേ പണത്തിനാവശ്യം വന്നപ്പോൾ അമ്മയും പണിക്ക് ഇറങ്ങി. പണിയെടുത്ത് പണിയെടുത്ത് അവർ അവനെ പഠിപ്പിച്ചു വലിയ ഉദ്യേഗസ്ഥനാക്കി. വിദേശത്തയച്ചു. കുറേ ദിവസങ്ങൾക്കുശേഷം

അവൻ കത്തയച്ചു താൻ അവിടെ ഒരു പെൺകുട്ടിയെ കല്ല്യണം കഴിച്ചെന്നും അവിടെ നിന്നും തിരികെ വരുന്നില്ല എന്നും കത്തെഴുതി. ഇത്രനാൾ കഷ്ട്പ്പെട്ട് വളർത്തിയ തന്റെ മകൻ തങ്ങളോട് പോലും പറയാതെ ഒരു കല്ല്യാണം കഴിച്ചിരിക്കുന്നു. “ഇനി അവൻ ഇവിടെ വരില്ലേ. ഞങ്ങൾക്ക് അവനെ ഇനി കാണാൻ സാധിക്കില്ലേ". അവനെ മുന്നിൽ കണ്ട് അവർ ധാരാളം ആഗ്രഹങ്ങൾ ചെയ്തു കൂട്ടി. അത് ഇപ്പോൾ  വെറും മറയാത്ത സ്വപ്നമായി തങ്ങളുടെ മനസ്സിൽ മായാതെ പ്രതിധ്വനിച്ചു. കാരണം അവർ അത്രയേറെ അവനെ ഇഷ്ടപ്പെട്ടു. കുറേ വർഷങ്ങൾ കഴിഞ്ഞിട്ടും തന്റെ മാതാപിതാക്കൾ ജീവിച്ചിരിക്കുന്നുണ്ടോ എന്നറിയാൻ പോലും അവൻ ആഗ്രഹിച്ചിട്ടില്ല. കാരണം ആർക്കും വേണ്ടാത്ത അവരെ എന്തിന് അവന്. മകനെ കാണാനുള്ള ആഗ്രഹവും അവനെ കാണാത്തതിയുള്ള ദു:ഖത്തിലും അവർ കാലം കഴിച്ചുകൂട്ടി. ഒരിക്കൽ ഒരു നാൾ അവർ തന്റെ മകനെ കാണാത്ത അവനെ ദു:ഖത്തോടെ ഈ ലോകത്തോട് യാത്രയായി......ഇനി തിരിച്ചുവരാത്ത യാത്ര........

സജിത.എസ്      ൧ A

# ഒരു യാത്രാനുഭവം



ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഞങ്ങൾ ഫ്രണ്ട്സ് എല്ലാം വരും കൂടി ഒരു ടൂർ പോയി അത് എറണാകുളത്തേക്കായിരുന്നു.പല സ്ഥലങ്ങളിൽ പോയി കുറെ കാഴ്ചകൾ കണ്ടു.എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഫ്രണ്ട്സ് എല്ലാരുമുണ്ടായിരുന്നു. വളരെ സന്തോഷമുള്ള ഒരു ചെറിയ ടൂറായിരുന്നു അത്.ഞങ്ങൾ രാവിലെ ആദ്യമായിപോയ സ്ഥലംഎയർപോർട്ടായിരുന്നു. ടീച്ചർമാരുമുണ്ടായിരുന്നു.പിന്നീട്ട് ഞങ്ങൾ മെട്രോയിൽപ്പോയി അതിനുശേഷം

ഭക്ഷണം കഴിച്ചു. അതുകഴിഞ്ഞ് ഞങ്ങൾ കണ്ട കാഴ്ച അത്ഭുതം നിറഞ്ഞതായിരുന്നു. കപ്പലിലായിരുന്നു യാത്ര. കടലും,കായലും ഒത്തുചേരുന്ന ആ കാഴ്ച എനിക്ക് ഒരുപാട് ഇഷ്ടമായി. അവസാനമായി പോയത് ബീച്ചിലേക്കാണ് . സന്തോഷം നിറഞ്ഞ അനുഭവമായിരുന്നു ആ യാത്ര.

Jesniya.K 8.D

# പ്രകൃതി

ഭൂമി ഇന്ന് നശിച്ചുകൊണ്ടിരിക്കുന്നു.
മനുഷ്യനത് നശിപ്പിച്ചു ചിരിക്കുന്നു പ്രളയകവിത
വീടും പുഴയും പൊങ്ങുകയാൽ
കാടും പുഴയും കാൺമാനില്ല
പ്രകൃതിയാകെ സങ്കടത്തിലാഴുന്നു
മനുഷ്യന്റെ ആഗ്രഹങ്ങൾ, ദുരാഗ്രഹങ്ങൾ
ഭൂമിയെ കരയിപ്പിച്ചേ രസിക്കുന്നു
പ്രകൃതിയിലേ ജീവജാലങ്ങൾ
കാടും പുഴയുമെല്ലാമാമെൻ
ഭൂമിയുടെ ഐശ്വര്യം

Amrutha.B
8.D

# മഴ

പോരട്ടെ മഴ പോരട്ടെ
ഇടിയും വെട്ടി പോരട്ടെ
കുളവും പുഴയും നിറയട്ടെ
എങ്ങും എങ്ങും പെയ്യട്ടെ
ഇടിയും വെട്ടി പെയ്യട്ടെ

Abdul Hameed
6.B

# തത്ത പെൺ കൊടീ..........
# നീ എങ്ങോട്ട്....?



മാനത്തങ്ങനെ പാറി നടക്കക്കും
തത്തപൈെൺ കൊടിയാളെ
നിൻ ചിറകുകളെല്ലാം
വിടർത്തിയങ്ങനെ
പാറിപ്പറക്കു വാനിൻ മീതെ...
പറന്നകന്നോ ദൂരെയിതെങ്ങോ നീ.
പ്രകൃതി തന്നുടെ പച്ചനിറം
അണിഞ്ഞു നിൽക്കും പെണ്ണേ
ഹൃദയത്തിന്റെ സ്നേഹം കാണിക്കും
ചുവപ്പു നിറമോ നിൻ ചുണ്ടിൽ
പാറിപ്പറന്ന് വാനിലൂടെ
പെണ്ണേ നീ തേടിനടപ്പതാരേ...?
മനുഷ്യരെല്ലാം നശിപ്പിച്ചീടും
നിൻ ഉലകം തേടിയാണോ..?
തത്തപ്പെണ്ണേ... പെൺകൊടീ...
എങ്ങോട്ടാണീ യാത്രതിരിപ്പത് ദൂരെ.
വിട്ടകന്ന കൂട്ടരെ തേടി

സഞ്ജിത.എസ് 9A

# മയിലെ മയിലെ



മയിലെ...മയിലെ...പൂമയിലെ
പീലി വിടർത്തി...ആടാമോ?
കാർമേഘങ്ങൾ വന്നണയുമ്പോൾ
പീലി വിടർത്തി തുള്ളാമോ?
മയിലാട്ടങ്ങൾ കാണാനായി
വന്നണയുന്നു എല്ലാരും...
മയിലെ...മയിലെ...പൂമയിലേ....
പീലി വിടർത്തി ആടാമോ?

# മണവും മധുരവും



അമ്മുപ്പൂമ്പാറ്റ
ചിറകുകൾ വിടർത്തി
പല വർണ്ണങ്ങൾ
ചുവപ്പ്, മഞ്ഞ, നീല
പല നിറത്തിലുള്ള പുള്ളികൾ
അവൾ പറന്നുപറന്ന്
പൂന്തോട്ടത്തിൽ എത്തി
നിറയെ പൂക്കൾ
എല്ലാം വെള്ളപ്പൂക്കൾ

# ഭൂമികോപം


എന്തിനി കോപം....? ആരോടീ കോപം....?
എൻ ഭൂമി മാതാവാകുമേമ്മ, എന്തിനി കോപം...?
പ്രളയമേ......നീ വന്നതെവിടുന്നോ?
ആരു പറഞ്ഞു......? എന്തിനു വന്നു നീ.....
എല്ലാം തകർത്തൊടുക്കുവാനോ വന്നു നീ....
എന്തിനു വന്നു നീ....?
എത്ര ജീവനെത്ര വീടുകൾ
നിൻ കോപമാകും
പ്രളയത്തിൽ ഒലിച്ചുപോയി...
അലറുകയാണെൻ, അലയുകയാണെൻ
നാട്ടുകാർ പുതുജീവനായി!
പുതു പ്രതീക്ഷകൾക്കായ് !
എൻ അമ്മയാം ഭൂമി മാതാവേ
കാണുന്നില്ലീ വേദനകൾ
ക്ഷമിക്കുമോ സാഹസങ്ങൾ !
നമുക്കായി നമുക്കൊരുമിക്കാം സോദരെ....
ഭൂമി മാതാവിൻ കോപത്തെ
ശമിപ്പിക്കാൻ നമുക്കൊരുമിക്കാം!

ശരത് ഡി 10D

# നമ്മുടെ കേരളം

കേരളം നമ്മൾ പിറന്നുവീണ നാട്. പല മഹത് വ്ക്തികളുടേയും രക്തം ചിന്തിയ നാട്. മലരണികാടുകളാൽ പച്ചയണിഞ്ഞ പ്രകൃതിരമണീയമായ കേരളം. കാടും,മലകളും,അരുവികളും
ഇവയെല്ലാം ഉൾപ്പെടുന്നതാണ് നമ്മുടെ കേരളം. നമ്മുടെ കേരളത്തെപ്പോലെ മഹത്തായ ഒരു നാട് വേറെയുണ്ടോ?അമ്മയാവുന്ന നമ്മുടെ കേരളം എത്ര മക്കൾക്ക് ജന്മം നൽകി.
മരങ്ങൾ,ജീവികൾ,ജന്തുജാലങ്ങൾ ഇവയെല്ലാം നമ്മുടെ അമ്മയായ കേരളത്തിന്റെ വരദാനമാണ്. നമുക്ക് വേണ്ടതെല്ലാം തന്ന് വരമരുളുന്ന ഭൂമിയാണ് ഇത്. നാം കേരളീയർ എന്ന് അഭിമാനത്തോടെയാണ് പറയുന്നത്. കേരളം എന്ന അക്ഷരത്തെ നമ്മൾ അമ്മയെന്ന് വിളിക്കുന്നു. കേരളം നമ്മുടെ ജന്മനാട്.ഇവിടെ ആർക്കും നമ്മെ കീഴ് പ്പെടുത്താൻ കഴിയുകയില്ല. നമ്മുടെ കേരളത്തിൽ പല ആഘോഷങ്ങളും നിലനിൽക്കുന്നു. ഓണം,തിരുവാതിര,വിഷു കേരളത്തിലെ ഈ ഉൽസവങ്ങൾ നമ്മൾ നന്നായി ആകോഷിക്കുബോൾ ഇതെല്ലാം തന്ന കേരളത്തെ ഓർക്കണം. പരശുരാമനാൽ സൃഷ്ടിക്കപ്പെട്ട ഈ ഭൂമിയെ നാം ഓർക്കണം.

# തത്തമ്മ പെണ്ണ്



പച്ചതത്ത പനംതത്ത
കതിരുകൾ തേടി അലഞ്ഞിട്ട്
വീടിൻ മുകളിൽ ഇരുന്നല്ലോ
അപ്പുക്കുട്ടൻ മുറ്റത്ത്
നെൽമണി വാരി എറിഞ്ഞല്ലോ
കണ്ടതു പാടേ തത്തമ്മ
മുകളിൽ നിന്നും താഴേക്ക്
നെൽ മണി കൊത്തി തിന്നിട്ട്
പറന്നകന്നു മാനത്ത്

Sanil.S
6.A

# എന്റെ കേരളം

കേരവൃക്ഷങ്ങളാടുന്ന നാട്
കഥകളിയുടെ ജന്മ നാട്
കവികോകിലങ്ങൾ പിറന്നനാട്
സ്നേഹം എന്തെന്ന് അറിഞ്ഞനാട്

കൂറ്റൻ മരങ്ങളും കുന്നുകളും
കളകളമൊഴുകും കാട്ടരുവിയും
വാനിൽ പറക്കും പക്ഷികളും

നിത്യവും ഞാൻ കാണും പ്രകൃതിയും
എന്നെ തഴുകുന്ന കുളിർ കാറ്റും
വസന്തത്തിൽ പൂക്കും പൂമരങ്ങളും
എന്നെ ഉണർത്തും കുയിൽ പാട്ടും
പാറി പറക്കും ശലഭങ്ങളും
എത്ര മനോഹരം എന്റെ നാട്

എന്നാൽ എള്ളോളമില്ലാത്ത നമ്മളല്ലോ
എല്ലാം തകർക്കുന്നു സ്വർത്ഥയാൽ
കുന്നിടിച്ചു നികത്തുന്നു
ദാഹജലം ഊറ്റി വിൽക്കുന്നു,ഇങ്ങനെ
കാലം കഴിഞ്ഞുപോയാൽ
ഈ ഭൂമി നാശത്തിനിടയായിടും
ഭൂമിയില്ലാതായിട്ടാൾ ബാക്കിയാവില്ല നമ്മളാരും

ഹർഷ.എസ് 6.D

# സ്നേഹം




ലക്ഷ്മിക്ക് തന്റെ മാതാപിതാക്കളെ ഇഷ്ടമല്ലായിരുന്നു. അവൾ അച്ഛനോടും അമ്മയോടും എപ്പോഴും തർക്കുത്തരം പറയുമായിരിന്നു. പത്തുവയസ്സുകാരിയുടെ വാശിയായി അവർ അതിനെ എതിർത്തു പറയില്ല. ലക്ഷ്മിയുടെ അച്ഛന് പടക്ക കമ്പനിയിലാണ് ജോലി അയാൾക്ക് കിട്ടുന്ന വരുമാനത്തിലാണ് അവരുടെ വീട്ടിൽ പട്ടിണിയില്ലാതെ പോകുന്നത്.ലക്ഷ്മിയ്ക്ക് ആവശ്യങ്ങൾ ഏറെയാണ് . അവൾക്ക് പുതിയബാഗ്,ചെരുപ്പ്,വസ്ത്രം എന്നിങ്ങനെ ഒട്ടെറെ ആവശ്യ ങ്ങൾ ഉണ്ട്. എന്നാൽ അവളുടെ അച്ഛന് ഇതിനുള്ള നിവർത്തിയില്ലായിരുന്നു. അവൾ തന്റെ കൂട്ടുകാരുടെ മുന്നിൽ അവൾ വലിയ പണക്കാരിയെന്നാണ് പറഞ്ഞിരിക്കുന്നത്. എല്ലാവരെയും കാണിക്കാൻ വേണ്ടി അവൾ തന്റെ വീട്ടിൽ നിന്ന് പണം മോഷ്ടിക്കാൻ തുടങ്ങി. അവൾ ഇത് തുടർന്നു കൊണ്ടിരുന്നു. അവൾ തന്റെ ആവശ്യങ്ങൾക്ക് പുറമേ  തന്റെ കൂട്ടുകാരുടെ ആഗ്രഹങ്ങളും നിറവേറ്റാൻ

തുടങ്ങി. അവൾ അവർക്ക് മറ്റുസമഗ്രഹികൾ വാങ്ങികൊടുത്തു.ഒരുനാൾ അവൾ പണംമോഷ്ടിക്കാൻ ചേന്നപ്പോൾ അവളുടെ അമ്മ കൈയോടെ പിടികൂടി.ലക്ഷ്മിയുടെ അച്ഛന് തന്റെ പണം എങ്ങോട്ടാണ് അപ്രത്യക്ഷമാകുന്നത് എന്ന് അറയില്ലായിരുന്നു.എന്നാലും അദ്ദേഹം തന്റെ മകളെ വിശ്വസിച്ചിരുന്നു. അവളിൽ ആയാൾ പരിപൂർണ വിശ്വസമായിരുന്നു. എന്നാൽ അദ്ദേഹം വിചരിച്ചതിന് വിപരീതം നടന്നതിൽ അദ്ദേഹം സങ്കടപ്പെട്ടു എന്നാലും അദ്ദേഹം അവളെ തല്ലുന്നതിനുപകരം  ഉപദേശിച്ചു. ഇനി മോഷ്ടിക്കരുതെന്നും ഇനി അത്യവശ്യങ്ങൾക്കും ഞാൻ നിനക്ക് പണം തരാമെന്നും അയാൾ അവൾക്ക് വാക്ക് കൊടുത്തു. അന്ന്  അവളുടെ കണ്ണു തുറന്നു. അതാണ് അവൾക്ക് തന്റെ അച്ഛന്റെയും അമ്മയുടെയും സ്നേഹം തിരിച്ചറിഞ്ഞത്. പണം മോഷ്ടിച്ചതിൽ കുറ്റബോധമുണ്ടായി.അച്ഛനെ അമ്മയും അവളെ സമാധാനിപ്പിക്കുകയും ഇനി ഇങ്ങനെ ചെയ്യരുതെന്ന് താക്കീത് തൽകുകയും ചെയ്തു. പിന്നെ അവൾ മോഷ്ടിക്കില്ലായിരുന്നു.അവളുടെ അച്ഛൻ അവൾക്ക് വേണ്ട സാധനങ്ങളെല്ലാം അധ്വാനം ചെയ്ത് പണം കൊണ്ട് വാങ്ങി നൽകി. ലക്ഷ്മിയിൽ അത് ഏറെ സന്തോഷമുണ്ടാക്കി. അവൾ തന്നെ കൂട്ടുകാർ ചെയ്യുന്ന തെറ്റുകളും തിരുത്തി സ്വയം തെറ്റും തിരുത്തി.അവൾക്ക് ഉറപ്പായിരുന്നു ഇങ്ങനെ ഒരച്ഛനെയും അമ്മയെയും വേറെ എവിടെയും
ലഭിക്കില്ല എന്നത്...

സൂര്യനാരായണൻ.എസ്.എസ്
8-D

# സ്വപ്നഭൂമി

സ്വപ്നം വാതിൽ നട്ടു വളർത്തി
സ്വപ്നം കൊയ്യുന്നോരെ....
നിങ്ങൾ കാണും സ്വപ്നമതെല്ലാം
പൂവണിഞ്ഞീടുമോ...നാളെ...
(സ്വപ്ന....)

നാളെ  നാളെ ആണ്ടിന്  നീളെ...
നീണ്ടു  പോകും നീളെ....
നിങ്ങളുണർന്നോ, നിങ്ങളുർന്നോ
ഈ പുതുമണ്ണിൽ വിതയ്ക്കാൻ
(സ്വപ്ന....)

സ്വപ്നം മാത്രം നട്ടു നനച്ചാൽ
സ്വപ്നം കൊയ്യാം നാളെ ...
ഈ പുതുമണ്ണിൽ നട്ടു നനച്ചാൽ
സ്വർഗ്ഗം നേടാം നീളെ...
(സ്വപ്ന....)

സജിത.എസ്
9A

# യാത്രാവിവരണം

ഞങ്ങൾ രാവിലെ 4 മണിക്ക് പുറപ്പെട്ടു.നല്ല രസമുള്ളതായിരുന്നു അത്.കാരണം എന്റെ സക്കൂളിലെ അവസാനത്തെ പഠനയാത്രയായിരുന്നു.നല്ല ഊട്ടിറോസിന്റെ മണവും ഐസ്ക്രീം തണുപ്പും.ഇരുവശവും ഇരുട്ട് ,റോഡിനരികിലുള്ള വീടുകളിൽ ചെറിയ മിന്നാമിന്നി വെളിച്ചം. എന്തു ഭംഗിയായിരിന്നു. റോഡിൽ ഡിസ്കോ ലൈറ്റിൽ തിളങ്ങി ആടികുലുങ്ങി ഞങ്ങളുടെ ഫൈസറ്റാർ ബസ്സ് ഊട്ടിക്ക് യാത്രയായി. ഡിസ്ക്കോ ലൈറ്റും ഡിജെ പാട്ടും ഇട്ട് എല്ലാരും ഡാൻസ്സ് തുടങ്ങി. ഞാൻ എന്റെ ക്ലാസ്സിലെ എല്ലാവർക്കും ഓരോ മിഠായി കൊടുത്തു. മിഠായി കളഞ്ഞുപോയി. കുറച്ചുകഴിഞ്ഞപ്പോൾ ഞാൻ സീറ്റിലിരുന്നു. വീണ്ടും ഇരുവശത്തെ കാഴ്ച കാണാനിരുന്നു.

എവിടെ നോക്കിയാലും പൂക്കളും ക്രൂറ്റൻ കവ്വുങ്ങ് മരവും ചരി ഞ്ഞുംവളഞ്ഞും കമഴന്നും കിടക്കുന്ന മരങ്ങൾ.കുറചുകഴിഞ്ഞപ്പോൾ ഇത്തിരി വെളിച്ചം വന്നു. എന്നാൽ ആ ഐസ്ക്രീം തണുപ്പിനും മഞ്ഞിനും ഒരു കുറവുമില്ല.കറുത്ത ഉഴുന്ന് വെളുത്തതുപേലെ.പിന്നെ ഒരു സ്ഥലത്തു ബസ്സ് നിർത്തി ഭണം കഴിക്കാനിറങ്ങി. ഇഡ്ഡലിയും സാമ്പാറുമായിരുന്നു. ഭക്ഷണം കഴിച്ചതിനുശേഷം വീണ്ടും ബസ്സ് യാത്രയായി. ആദ്യം പോയത് ടീ-ഫാക്ടറിക്കായിരുന്നു. ആ ഐസക്രീം തണുപ്പിന് ഒരു ചൂടുഏലക്ക ചായ. അവിടെ എങ്ങനെയൊക്കെയാണ് തേയിലയെ ചായപ്പൊടിയാവാൻ പാകപ്പെടുത്തുന്നത് എന്ന് കണ്ടു.

അതിനുശേഷം ചിലർ ചായപ്പൊടി വാങ്ങിച്ചു. പിന്നെ ചോക്ലേറ്റ് ഫാക്ടറിയിലേക്ക് കയറി. കയറിയതും ചോക്ലേറ്റിന്റെ മണം മൂക്കു തുളച്ചു കയറി. പലനിറത്തിലും പലആകൃതിയിലുമുള്ള ചോക്ലറ്റുകൾ ഉണ്ടായിരുന്നു. പക്ഷെ, എനിക്കൊന്നു വാങ്ങാൻ കഴിഞ്ഞില്ല. കാരണം ഞാൻ പൈസയെടുക്കാൻ മറന്നു. ഞാൻ മാത്രമല്ല പലരും എടുത്തില്ല. പിന്നെ ഞങ്ങൾ പുറത്തേക്കുവന്നു. ലൈനായി വണ്ടിയിൽ കയറി. പോവും വഴിമുഴുവനും ഞാനും എന്റെ ചങ്ങാതിയായ ഗംഗപ്രിയയും കുരങ്ങന്മാരെ എണ്ണുകയായിരുന്നു. ഞങ്ങൾ ഓരോരുത്തരായി പാട്ടുപാടി. പിന്നെ അന്താക്ഷരികളിച്ചു. ആൺകുട്ടികളും പെൺകുട്ടികളും ഓരോ ടീമായി. പെൺകുട്ടികളുടെ ടീമിൽ സുമ ടീച്ചർ,ഗീത ചേച്ചി,അമ്പിളി ടീച്ചർ,സരസ്വതി ടീച്ചർ എന്നിവരൊക്കെയായിരുന്നു. ആൺകുട്ടികളുടെ ടീമിൽ രുക്മണി ദേവി ടീച്ചർ,ശോദ ടീച്ചർ, സുജയ ടീച്ചർ എന്നിവരൊക്കയായിരുന്നു. അവസാനം ആൺകുട്ടികൾ വിജയിച്ചു.പിന്നെ ബൊട്ടാനിക്കൽ ഗാർഡനിലെത്തി. അവിടെ ഒരു അമ്മൂമ്മ ഒരു കുഞ്ഞുമഞ്ഞപൂകൊണ്ടു വന്നിട്ട് മൂന്നു കെട്ടിന് ഇരുപത് രൂപയെന്നു പറഞ്ഞു, കുറേ കാലത്തേക്ക് വാടില്ലെന്നു പറഞ്ഞു ഉള്ളിലേക്ക് കയറി. ഗാർഡൻ മുഴുവനായും കാണാൻ സാധിച്ചില്ല. അവിടെ നിറച്ചും കുരങ്ങന്മാരുടെ അഞ്ചുകളിയായിരുന്നു. ആൺകുട്ടികൾ ഒരു നാരങ്ങ അങ്ങോട്ട് എറിഞ്ഞു കൊടുത്തു. അതിനു വേണ്ടി കുരങ്ങന്മാർ അടികൂടി പിന്നെ അവിടെന്ന് വണ്ടിയിൽ കയറി. പിന്നെ പൈൻ ഫോറസറ്റിലേക്ക് പോയി. അവിടെ നിറച്ചും പൈൻ മരങ്ങളായിരുന്നു. അവിടെന്ന് ഞാൻ അതിന്റെ ഇലയും കായയും എടുത്തു. എന്റെ

ക്ലാസിലെ അൻഷിഫ് ഒരു മുള്ളൻപന്നിയുടെ മുള്ളുക്കിട്ടി ടീച്ചറോടു പറഞ്ഞപ്പോൾ അത് ദൂരെ വലിച്ചെറിയാൻ പറഞ്ഞു. പിന്നെ അവിടെന്ന് ഒരു സ്ഥലത്ത് പോയി ബസ്സ് നിർത്തി ഭക്ഷണം കഴിക്കാൻ ഇറങ്ങി രാവിലെ ബാക്കിയായ ഭക്ഷണം അവിടെ കൊട്ടിയപ്പോൾ ഒരു

കുരങ്ങൻ അത് കഴിച്ചു. ഉച്ചക്ക് ഭക്ഷണം ബിരിയാണിയും ചിക്കൻക്കറിയുമായിരുന്നു. കഴിച്ചതിനു ശേഷം വണ്ടിയിൽ കയറി. ഒരു വലിയ കുന്നുകാണാൻ പോയി. അത് കയറുമ്പോഴേക്കും മതിമതി എന്നായി. എന്റെ ക്ലാസിലെ അമൽ വീണ്ടും താഴേക്ക് ഓടി പോയി. ഞങ്ങൾ താഴേക്ക് നോക്കിയപ്പോൾ അവൻ അവിടെ വീണുകിടക്കുന്നു. അതുകണ്ട ഞങ്ങൾ മുകളിൽ നിന്നും നോക്കി ചിരിച്ചു. കുറേ അവിടെ കളിച്ചു. പിന്നെ താഴേക്കിറങ്ങുമ്പോൾ അവൻ എന്നെ ഉന്തിവിട്ടു. എന്റെ കാലുളുക്കി. എന്നിട്ട് എല്ലാവരും കാരറ്റ് വാങ്ങി. ബസ്സിൽ കയറിയപ്പോൾ അതിന്റെ മുകളിൽ മുഴുവനും  കുരങ്ങന്മാരായിരുന്നു. അതിനെയൊക്കെ ബസ്സുകാർ ആട്ടി വിട്ടു. പിന്നെ ബോട്ട് ഹൗസിൽ പോയി. അവിടെ നിന്നും ബസ്സിൽ കയറി. ഒരു സിനിമയിട്ടു.ഞാൻ ഉറങ്ങി.കുറേ കഴിഞ്ഞതും രാത്രിയായി. ഭക്ഷണം കഴിച്ചു. പിന്നെ ഞങ്ങൾ എല്ലാവരും ഡാൻസ് ചെയ്തു. വേറെ ക്ലാസുകാർക്ക്
ഉശാറൊന്നുമില്ല. പിന്നെ സ്ക്കൂളിലെത്തി. ഈ യാത്ര ഞാൻ ഒരിക്കലും മറക്കില്ല.

പവിത്ര.ബി

8.D



# ENGLISH SECTION

# MOTHER



The sea of love she is
in my little heart she lives
whenever I cheer up she smiles
and when I sob, she cries

She always helps me in trouble
she guides me when I tumble
she join me when I struggle
and always she is humble.
I feel safe when she's hear me
I feel happy when she touches me
I thank God with my whole heart
for making me my mother's child.

Diya Sali
6-D

# REVIEW OF THE BOOK - THE ALCHEMIST




The Alchemist is the novel that I highly recommend to my students and there are some line in it which I would like to quote often never have I read another motivational novel on how to chase one's dreams I believe, one thing that the world definitely needs the most today is positivity. This look un stills positivity into its readers. The look says that 'to realize one's destiny is a person's only real obligation.

'The alchemist' takes us on the journey with Santiago, a shepherd boy who dreams about travelling around the world in search of a treasure. His dream was interpreted by a Romani fortune teller as a properly which says that the boy will discover a treasure at the Egyptian pyramids. In order to pursue his dreams, he starts from his home to the markets of North Africa and them into the Egyptian Desert. He encounters a lot of exp-eriences such as love, lose, gets deceived, earns money, learns

different languages meets different kind of people etc. Some times he find himself in difficult situations. Every person he meets adds to his life and give it a new view. The journey take us on an adventure and is full of valuable lessons.


"And when you want something all the universe conspires you in helping you to achieve it" is the most inspiring line in the novel and the reccuring line in it. Its the possibility of having a dream come true that makes life interesting" really motivates the readers. The look focuses on the wisdom of listening to our heart and following our dreams It you have hope and dream, this look can help you believe in them. It clearly send out the message that dreams need to be followed and life is meant to be lived. It makes you believe in destiny and that life has bigger plans that we at times can't comprehend. No matter what life throws at you, the best way is to accept it with positivity and hope.....

RITHIK.K

STD 10 D

# Newton's laws are

# a nature of life




*As we all know, there are three laws of motion given by Isaac Newton out of which, I feel the first and the last laws are a reflection of the nature*

***Newton's first law*** *states that an object will remain at rest or in uniform motion in a straight line unless acted upon by an external force. This tendency to be in a state of rest or motion is known as the inertia of rest or inertia of motion respectively.*

*In life also we find the tendency to be in a state of laziness not to do yoga, sadhagam and many other such things unless an internal or external force of motivation drives us to do these things. Similarly if we try to do something for three weeks it becomes a*

*habit, which will only stop unless an internal force of perception compels us to change.*

***Newton's third law*** *is: For every action, there is an equal and opposite reaction.This is a law that we all make a joke around, when we come across a fight.We can also relate this  law to the nature of life .Like the Bhagavath Geetha says," karmanye vadhika rasthe ma bhaleshu kadachana". Though, it means that we should do our work without thinking of its results, but it also means that we will definitely achieve the results for our hard work at some point of time.This also is applicable for the negative deeds (karma) that would also reciprocate to us at some point of time.*

*So in this sense I feel that "The Laws of Newton are the nature of life".*

*Aswathi K B*

# ME THE RIVER

The longer I live. The more beautiful life becomes. From the wide spread and vast ocean. I was being evaporated and was being raised to the vast blue sky. From there again I was dropped down as little raindrops pattering every where. Reaching at the top of the hill I made my own way down again like a glittering lane. On my both sides were the beautiful greenery biding farewell to me and wishing me to meet again. The rods as well as the pebbles took a chilled bath in me and I came down and down again to reach my mother land. There I found everybody eagerly waiting for me for I was so needed and was considered as a friend indeed. Where ever I went I could see the needy lives and so I could not stop myself anywhere. At last I saw the broad and long healthy hands calling me back and embracing me and consoling me for I have travelled a very very long distance. But still when I think of my necessity to each and every one I still like to continue my journey again and again.

Jessy Dinna Paiva

# Most Inspiring Gandhi Quotes

1) Be the change that you want to see in the world.

2) A man is but a product of his thoughts. What he thinks he becomes.

3) Nobody can hurt me without my permission.

4) Happiness is when what you think, what you say, and what you do are in harmony.

5) the weak can never forgive. Forgiveness is an attribute of the strong.


6) An ounce of practice is worth a thousand words.

7) A coward is incapable of exhibiting love; it is the prerogative of the brave.

8) Live as if you were to die tomorrow. Learn as if you were to live forever.

9) Freedom is not worth having if it does not include the freedom to make mistakes.

10) Service which is rendered without joy helps neither the servant nor the served.



# हिन्दि विभाग

www.bigstock.com · 79186786

# *आई चाँदनी*




अँधेरा छा गया

काली रातें आाई

आसमान में देखा तो काले

बादल छाए

बहुत इंतसार किया

पर वह नहीं आया

अचानक कुछ माँडराने की आवाज़ आई

आसमान में देखा तो

काले बादल हट गये।

आई चाँदनी !!

फिर से अंमग लेके।

दिमा साली
6-D

# पेड़



पेड़. हमारा जीवन हे।

पेड़. लगाओ पेड़. लगाओ,

पेड़. लगाकर जीवन बचाओ।

पेड़. हमारे जीवन का आधार हे।

पेड़. हमें तो फल-फूल देते हें।

पेड़. हमें छाया देते हें।


पेड़. लगाओ पेड़. लगाओ,

पेड़. लगाकर जीवन बचाओ।

दिमा साली

6-D

# बंदर गया खेत में भाग



बंदर गया खेत में भाग

चुट्टर-मुट्टर तोडा साग।

आग जलाकर चुट्टर- मुट्टर

साग पकाया खद्दर- बद्दर

सापड. खया खुब


पोंछा मुँह उखाड.कर सुप


डटकर सोए बंदर भुप।

दिया साली
6-D

# ചിത്ര ജാലകം











Muhammed ADHIL.K




Cinderella
By Dima Sali Ebrahim
little KITEs



